മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പു വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ സൂചന (1)-ലെ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന മേറ്റിന്റെ ചുമതലകൾ സൂചന (2)-ലെ സർക്കുലർ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മേറ്റിന്റെ ചുമതലയുള്ള വ്യക്തി പ്രവർത്തി നടക്കുന്ന ദിവസങ്ങളിൽ തുടർച്ചയായി തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി പൂർണ്ണസമയം ബന്ധപ്പെട്ട് നിൽക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റായി പ്രവർത്തിക്കുന്ന ചിലർ നിലവിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ജനപ്രതിനിധികളോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അടക്കമുള്ള സുപ്രധാന ചുമതലകൾ വഹിക്കുന്നവരോ ' ആശാവർക്കർ ' പോലുള്ള ഹോണറേറിയം പറ്റുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരോ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം തൊഴിലുറപ്പ് പദ്ധതിയിലെ ' മേറ്റ് '-ന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായും പദ്ധതി പ്രവർത്തനങ്ങളിൽ തടസ്സം സംഭവിക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റായി നിർദ്ദേശിക്കപ്പെടുന്ന വ്യക്തികൾ ആ ചുമതല വഹിക്കുന്ന ദിവസങ്ങളിൽ പ്രതിഫലമോ ഓണറേറിയമോ സിറ്റിങ്ങ് ഫീസോ ലഭിക്കുന്ന മറ്റ് യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ല എന്ന് ഇതിനാൽ കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

എസ്.എം. വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 14 ജില്ലകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

സ.ഉ (സാധാ)നം.1637/11/തസ്വഭവ. തിരുവനന്തപുരം,തീയതി: 08.07.11

==========

പരാമർശം:- 1. സ.ഉ (സാധ)നം.2952/2007/തസ്വഭവ തീയതി 31.10.2007.
2. സ.ഉ (കൈ)നം.305/2010/തസ്വഭവ തീയതി 21.12.2010.
3. സ.ഉ (ആർ.റ്റി) നം.417/2011/തസ്വഭവ തീയതി 9.2.2011.
4. ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മ പദ്ധതി.

ഉത്തരവ്

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിലെ 17-ാം വകുപ്പ് രണ്ടാം ഉപ വകുപ്പ് പ്രകാരം ഗ്രാമ പ്രദേശത്തു നടക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ച സോഷ്യൽ ഓഡിറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് വിപുലമായ ജനപങ്കാളിത്തത്തോടെ നടത്തുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിൽ, സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ, ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിൽ, ജില്ലാ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് ടീം എന്നിവ ഉൾക്കൊള്ളുന്ന ഒരു സംഘടനാ സംവിധാനത്തിന് രൂപം കൊടുക്കുകയുണ്ടായി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദിവസവേതനാടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട തസ്തികകൾ സൃഷ്ടിക്കുവാനും ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിലും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലും പ്രവർത്തനം അരംഭിച്ചു.

പരാമർശം 4-ലെ ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതിയിൽ 14 ജില്ലകളിലും ഓരോ പഞ്ചായത്തിൽ വീതം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സമയബന്ധിത പരിപാടിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2011 ഓഗസ്റ്റ് 24നു മുമ്പായി 14 ജില്ലകളിലും മാതൃകാ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതുണ്ട്. പരാമർശം 3 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) നിന്ന് പരിശീലക പരിശീലനം നടത്തുന്നതിന് രണ്ടു

ലക്ഷം രൂപ അനുവദിച്ചു കിട്ടി. തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വിളപ്പിൽ, പുതുശ്ശേരി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്, പരിശീലനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി. ബാക്കിവരുന്ന 11 ജില്ലകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് 2011 ജൂലൈ 4 മുതൽ 2011 ഓഗസ്റ്റ് 24 വരെയുള്ള കാലയളവിൽ നടത്തുന്നതിനുള്ള വിശദമായ സമയ വിവര പട്ടിക സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. മാതൃകാ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപ്പിലാക്കേണ്ട ക്രമീകരണങ്ങളും മറ്റു നടപടികളും അടങ്ങുന്ന നിർദ്ദേശങ്ങൾ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഓരോ ജില്ലയിലേയും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുന്നതിന് ഏജീസ് ഓഫീസിൽ നിന്ന് വിരമിച്ച ഒരുദ്യോഗസ്ഥൻ, ഒരു സോഷ്യൽ അക്റ്റിവിസ്റ്റ്, യങ് പ്രൊഫഷണൽ മാതൃകയിലുള്ള ഒരാൾ എന്നീ മൂന്ന് പേർ വീതം പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ തുടങ്ങാൻ അനുമതി നൽകുന്നു. ജില്ലാ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മേൽ വ്യക്തികൾക്ക് പ്രവൃത്തിയെടുക്കുന്ന ദിവസം 500 രൂപാ ക്രമത്തിൽ പ്രതിഫലം നൽകുന്നതാണ്.

ii. മേൽ വ്യക്തികളുടെ കുറഞ്ഞ യോഗ്യതകൾ താഴെപറയും പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

ക്രമ നം	വിഭാഗം	യോഗ്യത
1	ഏജീസ് ഓഫീസിൽ നിന്ന് വിരമിച്ചവർ	ഗ്രാജ്വേഷൻ, ഓഡിറ്റ് ഓഫീസർ തസ്തികയിൽ നിന്ന് വിരമിച്ചവർ, അതാതു ജില്ലയിൽ താമസമുള്ളവർക്ക് മുൻഗണന. പ്രായപരിധി - 65 വയസ്സ്
2	സോഷ്യൽ ആക്റ്റിവിസ്റ്റ്	ഗ്രാജ്വേഷൻ, സാമൂഹ്യ പ്രവർത്തനരംഗത്ത് വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയവയിൽ 10 വർഷത്തെ പരിചയം, അതാതു ജില്ലയിൽ നിന്നുള്ളവർക്ക് മുൻഗണന. പ്രായപരിധി - 65 വയസ്സ്.
3	യംഗ് പ്രൊഫഷണൽ മാതൃകയിലുള്ള ഉദ്യോഗസ്ഥൻ	എഞ്ചിനീയറിംഗ്, സോഷ്യൽ വർക്ക് മുതലായവയിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ അതാതു ജില്ലകളിൽ നിന്നുള്ളവർക്ക് മുൻഗണന. പ്രായപരിധി - 35 വയസ്. ഈ വർഷം എഞ്ചിനീയറിംഗ് /പഠനം പൂർത്തിയാക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി തികച്ചും സുതാര്യമായ അടിസ്ഥാനത്തിലായിരിക്കണം തെരെഞ്ഞെടുപ്പ് നടത്തേണ്ടത്.

iii. എന്നാൽ മാതൃകാ സോഷ്യൽ ഓഡിറ്റ് 24.8.2011-നു മുമ്പ് പൂർത്തിയാക്കേണ്ടതിനാലും അപേക്ഷകൾ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മേൽ പറഞ്ഞവരെ തെരഞ്ഞെടുക്കാൻ ചുരുങ്ങിയത് രണ്ടു മാസമെങ്കിലും സമയം വേണമെന്നതിനാലും യോഗ്യതയുള്ള നിശ്ചിത എണ്ണം വ്യക്തികളെ കണ്ടു പിടിച്ച് ബയോഡാറ്റായുടെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് അവസാനം വരെയോ നടപടിക്രമം പൂർണ്ണമായും പാലിച്ച് വ്യക്തികളെ തെരഞ്ഞെടുക്കുന്നതുവരെയോ ഏതാണ് ആദ്യമെന്നു വച്ചാൽ അതുവരെ തികച്ചും താല്ക്കാലികാടിസ്ഥാനത്തിൽ 500/-(അഞ്ഞൂറ് രൂപ മാത്രം) രൂപ പ്രതിദിന പ്രതിഫലത്തിൽ തെരഞ്ഞെടുക്കുവാൻ അനുമതി നൽകുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പിന്നീടുള്ള തെരഞ്ഞെടുപ്പിൽ യാതൊരു മുൻഗണനയോ അതിന്റെ പേരിൽ അവകാശവാദം ഉന്നയിക്കാൻ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

iv. ഓരോ പഞ്ചായത്തിലും വാർഡൊന്നിന് മൂന്നു ഗ്രാമീണ സോഷ്യൽ ഓഡിറ്റർമാരെ വീതം ഉദ്ദേശം 60 പേരെ തെരഞ്ഞെടുത്ത് പരിശീലനം നല്കി രണ്ടു വാർഡുകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 1,80,200/- (ഒരു ലക്ഷത്തി എൺപതിനായിരത്തി ഇരുനൂറ് രൂപ മാത്രം) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അങ്ങിനെ 14 പഞ്ചായത്തുകളിൽ മാതൃകാ ഓഡിറ്റ് നടത്തുന്നതിന് വേണ്ട 25,22,800 (ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ഈ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സംസ്ഥാന സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ പേരിൽ ഉടനെ എടുത്തു നൽകാൻ (കില) ഡയറക്ടർക്ക് അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ്കുമാർ സിംഗ്,
സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, എൻ.ആർ.ജി.സെൽ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ/ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സെൽ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് /സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തു തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി.)നം.2922/2011/തസ്വഭവ **തിരുവനന്തപുരം, തീയതി, 09/12/2011**

പരാമർശം:- 1. സ.ഉ.(സാധാ)നമ്പർ.2330/2007/തസ്വഭവ, തീയതി: 24-08-2007.
2. സ.ഉ.(സാധാ)നമ്പർ.887/2008/തസ്വഭവ, തീയതി: 25-03-2008.
3. സ.ഉ.(സാധാ)നമ്പർ.1205/2008/തസ്വഭവ, തീയതി: 19-04-2008.
4. സ.ഉ.(സാധാ)നമ്പർ.1636/2008/തസ്വഭവ, തീയതി: 04-06-2008.
5. സ.ഉ.(സാധാ)നമ്പർ.1866/2009/തസ്വഭവ, തീയതി: 27-07-2009.
6. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 10-08-2011, 02-12-2011 തീയതികളിലെ 16790/എൻ.ആർ.ഇ.ജി.സെൽ.-4/11/സി.ആർ.ഡി. നമ്പർ കത്തുകൾ.
7. 09-11-2011-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 10-ാമത് യോഗ തീരുമാനം.

ഉത്തരവ്

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തു തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഐ.ടി. പ്രൊഫഷണൽ, അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ വേതനം പരാമർശം 1 മുതൽ 5 വരെ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിരുന്നു. തൊഴിലുറപ്പു പദ്ധതി നിയമ പ്രകാരം പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി നിയോഗിക്കുന്ന ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ചെലവുകൾ പദ്ധതി ഫണ്ടിന്റെ ഭാഗമായ ഭരണചെലവുകളിൽ ഉൾപ്പെടുത്തി ചെലവഴിക്കാമെന്നും ആയത് ഓരോ വർഷത്തെയും ആകെ പദ്ധതി ചെലവിന്റെ പരമാവധി 6% വരെ ആകാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിലെ ജീവിത ചെലവ് ഉയർന്ന സാഹചര്യവും സംസ്ഥാനത്തെ ദിവസ വേതനക്കാരുടെ ശമ്പളം പരിഷ്കരിക്കപ്പെട്ടതും കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് വിവിധ തലങ്ങളിൽ നിന്നും ഉയർന്ന ആവശ്യവും പരിഗണിച്ച് തൊഴിലുറപ്പു പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ, സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ അംഗീകാരത്തോടെ സമർപ്പിയ്ക്കുവാൻ എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് പ്രകാരം പരാമർശം 6 കത്തിലൂടെ പുതുക്കിയ പ്രൊപ്പോസൽ മിഷൻ ഡയറക്ടർ സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ കരാർ ജീവനക്കാരുടെ വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ പദ്ധതി നിർവ്വഹണത്തിലെ മികവും അധ്വാനവും കൂടി പരിഗണിച്ചുകൊണ്ടുള്ള വേതന പരിഷ്കരണ ശുപാർശയാണ് മിഷൻ ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്. സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ പരാമർശം 7 തീരുമാന പ്രകാരം കരാർ ജീവനക്കാരുടെ വേതനവും യാത്രാബത്തയും പരിഷ്കരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശം മിഷൻ ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാന-ജില്ലാ-ബ്ളോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഐ.റ്റി. പ്രൊഫഷണൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ വിഭാഗം ജീവനക്കാരുടെ നിലവിലെ വേതനം 2011 ഡിസംബർ 1 മുതൽ പ്രാബല്യത്തോടെ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	തലം	തസ്തിക	നിലവിലെ വേതനം	പുതുക്കിയ വേതനം	നിലവിലെ യാത്രാ ബത്ത	പുതുക്കിയ യാത്രാ ബത്ത
1.	സംസ്ഥാനം	ഐ.റ്റി. പ്രൊഫഷണൽ	12,000	18,000		
2.	ജില്ല	ഐ.റ്റി. പ്രൊഫഷണൽ	10,000	15,000		
3.		അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ	6,000	10,000		
4.	ബ്ളോക്ക് പഞ്ചായത്ത്	അസി: എഞ്ചിനീയർ	9,000	12,000	500	1,000
5.		അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ	6,000	10,000		
6.	ഗ്രാമ പഞ്ചായത്ത്	അസി: എഞ്ചിനീയർ	9,000	12,000	500	1,000
7.		ഓവർസിയർ (ഡിപ്ലോമ)	6,000	10,000	500	1,000
8.		ഓവർസിയർ (സർട്ടിഫിക്കറ്റ്)	5,000	10,000	500	1,000
9.		അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ	6,000	10,000		
10.		അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ(സർട്ടിഫിക്കറ്റ്)	4,500	10,000		

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

4. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
5. എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.(മിഷൻ ഡയറക്ടർ മുഖേന)
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം. ,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
10. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
11. ഡയറക്ടർ, എസ്.ഐ.ആർ.ഡി., കൊട്ടാരക്കര.
12. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
13. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നമ്പർ.65108/ഡി.ഡി.2/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.
തിരുവനന്തപുരം, തീയതി: 14.12.2011.

സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കർഷകരുടെ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ -സംബന്ധിച്ച്.

സൂചന: 1. **കേന്ദ്രസർക്കാരിന്റെ 24/07/09 ലെ** എസ്.ഒ.2202(ഇ) നമ്പർ വിജ്ഞാപനം
2. **ഗ്രാമവികസന കമ്മീഷണറുടെ 12/10/2009 ലെ 22532/എൻ.ആർ.ഇ.ജി സെൽ.2/09/സിആർഡി നമ്പർ സർക്കുലർ.**

ഗ്രാമപ്രദേശങ്ങളിൽ അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരായ ഏതൊരു കുടുംബത്തിനും 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്ന നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. തൊഴിലിനോടൊപ്പം പദ്ധതിയിൽ പ്രകൃതി വിഭവ പരിപാലനത്തിന് സഹായകരമായ ജലസംരക്ഷണത്തിനും ഭൂവികസനത്തിനും വരൾച്ചാനിവാരണത്തിനുമാണ് പ്രാഥമിക പരിഗണന നൽകുന്നത്. ഈ പദ്ധതിയിൽ കാർഷിക മേഖലയുടെ വികസനത്തിനും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. ജലസംരക്ഷണവും മഴക്കൊയ്ത്തും
2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും.
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
4. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ, ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാആവാസ് യോജന പദ്ധതി ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചത് പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പച്ചക്കറി-ഫലവൃക്ഷവൽക്കരണം, ഭൂവികസന സൗകര്യങ്ങൾ, തോട്ടവിളകൃഷി എന്നിവ ഏറ്റെടുക്കൽ
5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.

6. ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ വൃത്തിയാക്കുന്നത് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും

2. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളിൽ ക്രമ നം.4 ഒഴികെ ശേഷിക്കുന്ന എല്ലാ പ്രവൃത്തികളും പൊതു ഭൂമികളിലാണ് ഏറ്റെടുക്കേണ്ടത്.

3. പദ്ധതിയിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ, ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാആവാസ് യോജന പദ്ധതി ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചത് പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ സ്വകാര്യ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ പരാമർശം (2) സർക്കുലർ പ്രകാരം ഗ്രാമവികസന കമ്മീഷണർ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ, ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാആവാസ് യോജന പദ്ധതി ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചത് പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ സ്വകാര്യ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ താഴെ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഉത്തരവാകുന്നു.

1. ജലസേചന സൗകര്യം
   a. ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും വേണ്ടി വരുന്ന കിണറുകളുടെ നിർമ്മാണം
   b. കാർഷിക ആവശ്യത്തിനുള്ള കിണറുകളുടെയും കുളങ്ങളുടേയും നിർമ്മാണം
   c. നിലവിൽ കാർഷിക ആവശ്യത്തിനുപയോഗിച്ചു വരുന്ന കിണറുകളുടെ റീചാർജ്ജ് പ്രവർത്തനങ്ങൾ
2. പഴകൃഷി-പച്ചക്കറികൃഷി
   a. നിലം ഒരുക്കൽ
   b. ചേന, ചേമ്പ്, കാച്ചിൽ മുതലായ ഇടവിളകൃഷിയ്ക്ക് വേണ്ട നിലം ഒരുക്കലും കുഴി എടുക്കലും തടം എടുക്കലും.

c. കരഭൂമിയിലെ വാഴകൃഷിക്കുള്ള നിലം ഒരുക്കലും കുഴി എടുക്കലും

d. ഇഞ്ചി, മഞ്ഞൾ, കച്ചോലം, കൂവ എന്നിവ കൃഷിചെയ്യുന്നതിന് ആവശ്യമായ നിലം ഒരുക്കലും തടം എടുക്കലും

e. പൈനാപ്പിൾ കൃഷിക്ക് ആവശ്യമായ നിലം ഒരുക്കൽ

f. ഔഷധസസ്യകൃഷിയ്ക്ക് വേണ്ട നിലം ഒരുക്കലും തടം എടുക്കലും

3. ഭൂവികസനം

a. ചരിവ് കൂടിയ പ്രദേശങ്ങളിൽ കയ്യാല നിർമ്മാണം

b. മണ്ണൊലിപ്പ് തടയുന്നതിനായി ധാരാളം വേര് പടലങ്ങളുള്ള രാമച്ചം പോലുള്ള ഇനം പുല്ലുകൾ, തീറ്റപ്പുല്ല് എന്നിവ വച്ച് പിടിപ്പിക്കൽ

c. ജൈവവേലി - വട്ട, ശീമക്കൊന്ന, സിബാബുൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കൽ

d. പ്രാദേശികമായി ലഭ്യമായിട്ടുള്ള കാട്ടു കല്ല് ഉപയോഗിച്ചുള്ള കയ്യാല നിർമ്മാണം.

e. തരിശ് ഇട്ടിരിക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ കാടുവെട്ടിതെളിക്കൽ ഭൂമി നിരപ്പാക്കൽ തുടങ്ങിയ ഭൂവികസന പ്രവർത്തനങ്ങൾ.

f. തെങ്ങിൻ തടം തുറക്കൽ

g. പുതയിടീൽ

h. മണ്ണ് കൂനക്കൂട്ടൽ

4. തോട്ടകൃഷി

a. ഭൂവികസനം, കോണ്ടൂർ ബണ്ടിംഗ്

b. റബ്ബർ തോട്ടങ്ങളിൽ തൈയ്യ് വച്ച് പിടിപ്പിച്ചതിനുശേഷമുള്ള മൂന്ന് വർഷക്കാലത്ത്യ്ക്ക്ഏറ്റെടുക്കാവുന്ന വാഴ, ഇഞ്ചി, കൈതച്ചക്ക, ചേന, മഞ്ഞൾ, കച്ചോലം തുടങ്ങിയവ കൃഷിചെയ്യുന്നതിന് ആവശ്യമായ നിലം ഒരുക്കൽ, തട്ടുതിരിക്കൽ തുടങ്ങിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ

c. കവുങ്ങിൻ തോട്ടങ്ങളിൽ നീർച്ചാലുകളുടെ നിർമ്മാണം

d. കാപ്പിതോട്ടങ്ങളിൽ ചാലുകൾ (മഴക്കുഴികൾ) നിർമ്മാണം.

e. കുരുമുളക് തോട്ടങ്ങളിൽ മുരുക്ക് നടുന്നതിന് ആവശ്യമായ കുഴിയെടുക്കൽ, ചുവട്ടിലെ കാട് തെളിക്കൽ പ്രവർത്തനങ്ങൾ

4. പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 1 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളുടെ കൃഷിഭൂമിയിലെ/ തോട്ടത്തിലെ ഭൂവികസനം, ചെറുകിട ജലസേചനം, പഴകൃഷി/പച്ചക്കറികൃഷി ഏറ്റെടുത്ത ശേഷം ചെറുകിട-നാമമാത്ര കർഷകരുടെ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ 2008 ജൂൺമാസം 18ന് കേന്ദ്ര ഗവൺമെന്റ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ചുവടെ സൂചിപ്പിക്കുന്ന നിബന്ധനകൾ കൂടി പാലിക്കേണ്ടതാണ്.

a. വ്യക്തിഗത ഭൂവുടമ തൊഴിൽ കാർഡു ലഭിച്ചയാളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്നയാളും ആയിരിക്കണം.

b. ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ 60:40 വേതന സാധന സാമഗ്രികളുടെ അനുപാതം പാലിക്കേണ്ടതാണ്.

c. ഓരോപദ്ധതിയ്ക്കും ഗ്രാമസഭയുടെയും, ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരം നേടിയിരിക്കുകയും അവ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യണം

d. പ്രവൃത്തി നടത്തിപ്പിന് കരാറുകാരോ, മെഷിനറിയുടെ ഉപയോഗമോ പാടില്ലാത്തതാകുന്നു

e. മെഷിനറി വാങ്ങാൻ പാടില്ലാത്തതാകുന്നു

5. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ 31.03.2012 വരെയുള്ള കാലയളവിൽ നീർത്തട വികസന മാസ്റ്റർപ്ലാൻ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ അനുവദനീയമായ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,. തിരുവനന്തപുരം.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ-നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി.)നം.259/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 23/01/2012

പരാമർശം:-1. 25-04-11-ലെ 9321/എം.ജി.എൻ.ആർ.ഇ.ജി.എസ്.സെൽ-2/ സി.ആർ.ഡി. നമ്പർ സർക്കുലർ.

2. 09-11-2011-ൽ കൂടിയ തൊഴിലുറപ്പു കൗൺസിലിന്റെ പത്താമത് യോഗത്തിന്റെ മിനിട്സ്.

3. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 19-12-11-ലെ 9543/എൻ.ആർ.ഇ.ജി.സെൽ-2/11/സി.ആർ.ഡി. (V) നമ്പർ കത്ത്.

ഉത്തരവ്

നീർത്തട വികസന മാസ്റ്റർ പ്ലാൻ-നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റുകൾ എഞ്ചിനീയർമാരും കാർഷിക പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് കൃഷി ഓഫീസറും തയ്യാറാക്കുന്നതിനും ഏതെല്ലാം എസ്റ്റിമേറ്റുകൾ ആരൊക്കെ തയ്യാറാക്കണം എന്നത് വ്യക്തമാക്കി ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും സൂചന ഒന്നു പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഏതെല്ലാം എസ്റ്റിമേറ്റുകൾ ആരൊക്കെ തയ്യാറാക്കണമെന്നുള്ളത് സംബന്ധിച്ച് സംസ്ഥാനത്ത് ഒരു പൊതുവായ നിർദ്ദേശം നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവർത്തനങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സംസ്ഥാന കൃഷി ഓഫീസർമാരുടെ സംഘടന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ചർച്ച ചെയ്യുകയും താഴെ പറയുന്ന 12 ഇനം പ്രവൃത്തികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പഞ്ചായത്തിലെ എഞ്ചിനീയർമാർ എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തികളുടെ മേൽനോട്ടം നിർവ്വഹിച്ച് അളവുകൾ പൂർത്തീകരിക്കേണ്ടതാണെന്നും 12 ഇനം പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കൃഷി ഓഫീസർമാരെ പഞ്ചായത്തിന് നിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാമെന്നും സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ശുപാർശ ചെയ്തിരിക്കുന്നു.

1. തരിശ്ശുഭൂമി കൃഷിയോഗ്യമാക്കൽ.
2. നിലം കിളച്ച് ഒരുക്കൽ.
3. പച്ചക്കറി കൃഷി: പന്തൽ ഉൾപ്പെടെ.
4. ചേന, ചേമ്പ്, കാച്ചിൽ മുതലായവയുടെ ഇടവിള കൃഷി.
5. വാഴകൃഷി(കുഴി എടുത്ത് നടീൽ ഉൾപ്പെടെ).
6. തീറ്റപുൽകൃഷി.
7. ജൈവവേലി.
8. മണ്ണ് സംരക്ഷണത്തിനായി ബണ്ടുകൾ, തോടുകൾ, എന്നിവയുടെ ഓരങ്ങളിൽ കൈത വച്ച് പിടിപ്പിക്കൽ.
9. നഴ്സറി തയ്യാറാക്കൽ.
10. മഴക്കുഴി.
11. തെങ്ങിന് പുതയടൽ, പുതിയ നടീൽ, തടം തുറക്കൽ.
12. ചാക്കിൽ മണ്ണ് നിറച്ചുള്ള പച്ചക്കറി കൃഷി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ മുകളിൽ നിർദ്ദേശിച്ചിട്ടുള്ള 12 ഇനം പ്രവൃത്തികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പഞ്ചായത്തിലെ എഞ്ചിനീയർമാർ എസ്റ്റിമേറ്റ് എടുത്ത്, പ്രവൃത്തികളുടെ മേൽനോട്ടം നിർവ്വഹിച്ചു അളവുകൾ രേഖപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതും മുകളിൽ പരാമർശിച്ച 12 ഇനം പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കൃഷി ഓഫീസർമാരെയും പഞ്ചായത്തിന് നിയോഗിക്കാവുന്നതാണെന്നും സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പുഷ്പകുമാരി.ജി.,
അഡീഷണൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, കൃഷി വകുപ്പ്.
5. എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും/ജില്ലാ കളക്ടർമാർക്കും.
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം. ,(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നമ്പർ.73162/ഡി.ഡി.2/2011/തസ്വഭവ തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.
തിരുവനന്തപുരം, തീയതി: 24.01.2012.

സർക്കുലർ

വിഷയം:- തസ്വഭവ:-മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഒരു വീട്ടിൽ താമസിയ്ക്കുന്ന ഒന്നിൽ കൂടുതൽ കുടുംബങ്ങൾക്ക് പ്രത്യേകം ജോബ് കാർഡ് നൽകുന്നത് സംബന്ധിച്ച്.

സൂചന :-1. 1-9-2011-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ പത്താമത് യോഗത്തിന്റെ മിനിട്സ്.
2. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 19-12-11-ലെ 9543/എൻ.ആർ.ഇ.ജി.സെൽ-2/11/സി.ആർ.ഡി. (iii) നമ്പർ കത്ത്.

കേരളത്തിൽ ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുകയും ഒരു റേഷൻ കാർഡ് മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടെന്നും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ അത്തരത്തിലുള്ള കുടുംബങ്ങൾക്കും ഒരു തൊഴിൽ കാർഡ് മാത്രമാണ് നൽകുന്നതെന്നും അതുമൂലം ഈ കുടുംബങ്ങളിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾക്കും കൂടി ഒരു വർഷം 100 ദിവസത്തെ തൊഴിലിന് മാത്രമേ അർഹത വരുന്നുള്ളു എന്നും അതിനാൽ ഒരു വീട്ടിൽ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് റേഷൻ കാർഡ് പരിഗണിക്കാതെ തൊഴിൽ കാർഡ് നൽകുകയാണെങ്കിൽ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ടാകുന്നതാണെന്നുമുള്ള സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുകയും ഇവർക്കാകെ ഒരു റേഷൻ കാർഡ് മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരേ വീട്ടിൽ താമസിക്കുന്ന വിവിധ കുടുംബങ്ങൾക്ക്, പഞ്ചായത്തിന്റെ സമ്മറി എൻക്വയറിയിൽ ഇക്കാര്യം ബോദ്ധ്യപ്പെടുന്ന പക്ഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഓരോ കുടുംബത്തിനും പ്രത്യേകം തൊഴിൽ കാർഡ് നൽകാവുന്നതാണ്.

തൊഴിൽ കാർഡ് വിതരണത്തിനുള്ള മറ്റ് നിബന്ധനകൾ ഇക്കാര്യത്തിലും ബാധകമായിരിക്കും.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1 . ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും/ജില്ലാ കളക്ടർമാർക്കും.
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- ബ്ളോക്ക്-ഗ്രാമ പഞ്ചായത്തു തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്ര നിർമ്മാണം- മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി.)നം.291/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 25/01/2012

പരാമർശം:-1.കേന്ദ്രസർക്കാരിന്റെ 11-11-2009-ലെ എസ്.ഒ.2877(ഇ) നമ്പർ വിജ്ഞാപനം.
2. ഗ്രാമവികസന കമ്മീഷണറുടെ 30-12-2012-ലെ 30314/ എൻ.ആർ.ഇ.ജി.സെൽ-4/11/സി.ആർ.ഡി. നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബ്ളോക്ക്- ഗ്രാമ പഞ്ചായത്തു തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും സേവാകേന്ദ്രത്തിന്റെ സ്ട്രക്ചറൽ വിശദാംശങ്ങൾ, ഡിസൈൻ, പ്ലാൻ, എലിവേഷൻ തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാന്വലിന് അധികമായി സംസ്ഥാനത്ത് സേവാകേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന മാന്വൽ പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബ്ളോക്ക്- ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം. ,(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
10. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്ര നിർമ്മാണം

മാർഗ്ഗനിർദ്ദേശങ്ങൾ

1. ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 11.11.2009ലെ എസ്.ഒ 2877 (ഇ) വിജ്ഞാപന പ്രകാരം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. സേവാകേന്ദ്രത്തിന്റെ സ്ട്രക്ച്ചറൽ വിശദാംശങ്ങൾ, ഡിസൈൻ, പ്ലാൻ, എലിവേഷൻ തുടങ്ങിയ വിശദാംശങ്ങൾ അടങ്ങുന്ന ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രം നിർമ്മിക്കുന്നതിന് ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാന്വൽ www.nrega.nic.in/guidelines.htm എന്ന വെബ്സൈറ്റിലോ www.nregs.kerala.gov.in/index.php/guidelines എന്ന വെബ്സൈറ്റിലോ ലഭ്യമാണ്. പ്രസ്തുത മാന്വലിന് അധികമായിട്ട് സംസ്ഥാനത്ത് സേവാകേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ കൂടുതൽ നിർദ്ദേശങ്ങളാണ് ചുവടെ വിശദീകരിച്ചിട്ടുള്ളത്.

2. സേവാ കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ

2.1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്തലങ്ങളില മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ

2.2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ

2.3. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിച്ചു അവ സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ

2.4. പൊതുജനങ്ങൾക്കും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഇന്ന് ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കൽ

3 സേവാ കേന്ദ്രത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമീണ പ്രദേശത്തെ ഏതൊരു വ്യക്തിക്കും ഉറപ്പാക്കിയിട്ടുള്ള എല്ലാ അവകാശങ്ങളും പ്രത്യേകിച്ച്

3.1. തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ

3.2. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ

3.3. മസ്റ്റർ റോളുകളുടെ പരിശോധന

3.4. പരാതി സമർപ്പിക്കൽ

3.5. വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ

ഉറപ്പാക്കുന്നതിനുള്ള ഒരു വേദിയാണ് സേവാകേന്ദ്രം, കൂടാതെ

3.6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം

3.7. മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ

3.8. വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ

3.9. ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ

3.10. പരാതി പരിഹാര സംവിധാനം

3.11. ഗ്രാമതലത്തിൽ സോഷ്യൽ ആഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം

3.12. പരിശീലനങ്ങൾ സംഘടിപ്പിക്കൽ

എന്നീ പ്രവർത്തനങ്ങളും കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

4. പൊതു നിർദ്ദേശങ്ങൾ

ക്രമ നം	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
1	ഗ്രാമപഞ്ചായത്ത് തലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ചുരുങ്ങിയത് 50 പേരെ ഉൾക്കൊള്ളുന്ന മീറ്റിംഗ് ഹാൾ ഉണ്ടായിരിക്കേണ്ടതാണ്.	ബ്ലോക്ക്പഞ്ചായത്ത്തലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ചുരുങ്ങിയത് 80 മുതൽ 100 പേരെ ഉൾക്കൊള്ളുന്ന മീറ്റിംഗ് ഹാൾ ഉണ്ടായിരിക്കേണ്ടതാണ്.
2	എം.ജി.എൻ.ആർ.ഇ.ജി.എസിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായി വരുന്ന ഓഫീസ് റൂം സജ്ജമാക്കേണ്ടതാണ്.	എം.ജി.എൻ.ആർ.ഇ.ജി.എസിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ആവശ്യമായ ഓഫീസ് റൂം സജ്ജമാക്കേണ്ടതാണ്
3.	പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിനും ആശയ സംവാദത്തിനുമായി ഒരു മുറി ഒരുക്കേണ്ടതാണ്.	പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിനും ആശയ സംവാദത്തിനുമായി ഒരു മുറി ഒരുക്കേണ്ടതാണ
4	വിവര സാങ്കേതിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് മറ്റൊരു മുറി ഉണ്ടായിരിക്കേണ്ടതാണ്.	വിവര സാങ്കേതിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് മറ്റൊരു മുറി ഉണ്ടായിരിക്കേണ്ടതാണ്.
5	ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ടോയലെറ്റ് സൗകര്യങ്ങൾ കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്	ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ടോയലെറ്റ് സൗകര്യങ്ങൾ കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്
6	വലിയ മീറ്റിംഗുകൾ, പൊതു പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് പടികളോടുകൂടിയതും ചെലവുകുറഞ്ഞ ഒരു ആംഫിതീയറ്റർ (Amphi Theatre) കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്.	നിർമ്മാണ വേളയിൽ ഭാവിയിൽ മറ്റ് നിർമ്മിതികൾ കേന്ദ്രത്തിന്റെ ചുകൾ നിലയിൽ ഏറ്റെടുക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കേണ്ടതാണ്.
7	ടോയിലറ്റ് അടക്കം കേന്ദ്രത്തിന്റെ വിസ്തൃതി	ടോയിലറ്റ് അടക്കം കേന്ദ്രത്തിന്റെ വിസ്തൃതി

	ഏകദേശം 130 സ്ക്വയർ മീറ്റർ ആകാവുന്നതാണ്	ഏകദേശം 290 സ്ക്വയർ മീറ്റർ ആകാവുന്നതാണ്
8	പരമാവധി 10 ലക്ഷം രൂപ കേന്ദ്രം നിർമ്മിക്കുന്നതിന് ചെലവഴിക്കാവുന്നതാണ്.	പരമാവധി 25 ലക്ഷം രൂപ കേന്ദ്രം നിർമ്മിക്കുന്നതിന് ചെലവഴിക്കാവുന്നതാണ്.
9	കേന്ദ്രം പണിയുന്നതിന് എം.ജി. എൻ.ആർ.ഇ.ജി.എസിൽ വിഭാവന ചെയ്തിട്ടുള്ള നിർവ്വഹണ രീതി അവലംബിക്കേണ്ടതാണ്.	കേന്ദ്രം പണിയുന്നതിന് എം.ജി. എൻ.ആർ.ഇ.ജി.എസിൽ വിഭാവന ചെയ്തിട്ടുള്ള നിർവ്വഹണ രീതി അവലംബിക്കേണ്ടതാണ്.
10	മസ്റ്റർ റോളുകൾ മറ്റു റിക്കാർഡുകൾ എന്നിവ സൂക്ഷിക്കേണ്ടതും ആയത് പരിശോധനകൾക്കും സോഷ്യൽ ആഡിറ്റിനും വിധേയമാക്കേണ്ടതാണ്.	മസ്റ്റർ റോളുകൾ മറ്റു റിക്കാർഡുകൾ എന്നിവ സൂക്ഷിക്കേണ്ടതും ആയത് പരിശോധനകൾക്കും സോഷ്യൽ ആഡിറ്റിനും വിധേയമാക്കേണ്ടതാണ്.
11	കൂലി, സാധനഘടക അനുപാതമായ 60:40 കേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ കാര്യത്തിൽ നിലവിലെ വാർഡ്തലത്തിൽ നിന്നും വ്യത്യസ്തമായി ജില്ലാ തലത്തിൽ പാലിച്ചാൽ മതിയാകും.	കൂലി, സാധനഘടക അനുപാതമായ 60:40 കേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ കാര്യത്തിൽ നിലവിലെ വാർഡ്തലത്തിൽ നിന്നും വ്യത്യസ്തമായി ജില്ലാ തലത്തിൽ പാലിച്ചാൽ മതിയാകും.
12	സേവാകേന്ദ്രത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ ഉത്തരവാദിത്വമാണ്.	സേവാകേന്ദ്രത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ ഉത്തരവാദിത്വമാണ്.
13	സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ആവശ്യമുള്ള പക്ഷം ഈ ആവശ്യത്തിലേക്ക് സർക്കാർ എം.ജി.എൻ.ആർ.എ.ജി.എസിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്.	സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ആവശ്യമുള്ള പക്ഷം ഈ ആവശ്യത്തിലേക്ക് സർക്കാർ എം.ജി.എൻ.ആർ.എ.ജി.എസിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്.
14	അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്നതിനായി തൊഴിൽ കാർഡ് ലഭിച്ചവരെ ഉപയോഗിക്കേണ്ടതാണ്	അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്നതിനായി തൊഴിൽ കാർഡ് ലഭിച്ചവരെ ഉപയോഗിക്കേണ്ടതാണ്
15	മെഷിനറികളും കോൺട്രാക്ടറും പാടില്ല	മെഷിനറികളും കോൺട്രാക്ടറും പാടില്ല

5. ധനസ്രോതസ്സ്

5.1.BRGF (Backward Region Grant Fund) നടപ്പാക്കുന്ന ജില്ലകളിൽ സാധന ഘടകം BRGF ൽ നിന്നും വേതനഘടകം എം.ജി.എൻ.ആർ.ഇ.ജി.എസിൽ നിന്നും കണ്ടെത്തേണ്ടതാണ്. BRGF ൽ ലഭ്യമായ തുക സാധനഘടകത്തിന് ഉപയോഗിക്കുവാൻ മതിയാകാത്ത സാഹചര്യമുണ്ടെങ്കിൽ എം.ജി.എൻ.ആർ.ഇ.ജി.എസിൽ നിന്നും 60:40 അനുപാതത്തിന് വിധേയമായി നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.

5.2.BRGF നടപ്പിലാക്കാത്ത ജില്ലകളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടിനെ ആശ്രയിച്ച് കേന്ദ്രം നിർമ്മിക്കാവുന്നതും സാധനഘടകത്തിന്റെ ചെലവിനായി മറ്റ് ഫണ്ട് ലഭ്യമാണെങ്കിൽ ആയത് ഉപയോഗിക്കാവുന്നതാണ്.

5.3.ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം നിശ്ചയിച്ചിട്ടുള്ള അനുവദനീയമായ തുകയും അധികരിച്ച് ഉണ്ടാകാവുന്ന എല്ലാ ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

. നിർവ്വഹണം

6.1. *നിർവ്വഹണ ഉദ്യോഗസ്ഥർ*

6.1.1.-കേന്ദ്രത്തിന്റെ നിർമ്മാണം ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്ത്സെക്രട്ടറിയും നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയാണ് അവലംബിക്കേണ്ടത്.

6.1.2. ഗ്രാമപഞ്ചായത്ത് തലത്തിൽ എൽ.എസ്.ജി.ഡി ഇഞ്ചിനീയറാണ് പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും

6.1.3.ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ആയിരിക്കും

6.1.4.ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും ബ്ലോക്ക്സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ ചുമതലയുള്ള എൽ.എസ്.ജി.ഡി ഇഞ്ചിനീയറാണ്

6.1.5 ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ബ്ലോക്കിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ ആയിരിക്കും

6.1.6.എൽ.എസ്.ജി.ഡി, പി.ഡബ്ല്യു.ഡി, ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ഗ്രാമപഞ്ചായത്ത് തലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. ഇപ്രകാരം ചെക്ക്മെഷർ ചെയ്യുന്ന എല്ലാ റിക്കാർഡുകളും ബ്ലോക്ക്തലത്തിൽ ജനകീയാസൂത്രണത്തിനായി രൂപീകരിച്ചിട്ടുള്ള എ.എക്സ്.ഇ കൺവിനർ ആയിട്ടുള്ള ടി.എ.ജിയിൽ ബന്ധപ്പെട്ട എ.എക്സ്.ഇ സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും കമ്മിറ്റിയുടെ കൺവിനറുടെ ഒപ്പ് ലഭ്യമാക്കേണ്ടതുമാണ്.

6.1.7. എൽ.എസ്.ജി.ഡി, പി.ഡബ്ല്യു.ഡി, ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ബ്ലോക്ക്പഞ്ചായത്ത് തലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. ഇപ്രകാരം ചെക്ക്മെഷർ ചെയ്യുന്ന എല്ലാ റിക്കാർഡുകളും ജില്ലാതലത്തിൽ ജനകീയാസൂത്രണത്തിനായി രൂപീകരിച്ചിട്ടുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവിനർ ആയിട്ടുള്ള ടി.എ.ജിയിൽ

ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും കമ്മിറ്റിയുടെ കൺവീനറുടെ ഒപ്പ് ലഭ്യമാക്കേണ്ടതുമാണ്.

6.2. സേവാ കേന്ദ്ര നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കൽ

6.2.1. ഓരോ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെയും സേവാകേന്ദ്രങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പഞ്ചായത്ത് /ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങൾക്ക് അടുത്തായി ലഭ്യമായിട്ടുള്ള ഇടങ്ങളിലായിരിക്കും അഭികാമ്യം

6.2.2. ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കേണ്ട സേവാകേന്ദ്രത്തിന് 130 ച.മീയും ബ്ലോക്ക് പഞ്ചായത്തിന് 290 ച.മീയും വിസ്തൃതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതായത് സേവാ കേന്ദ്രം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് 3.21 സെന്റ് ഭൂമിയും ബ്ലോക്ക് പഞ്ചായത്തിന് 7.16 സെന്റ് ഭൂമിയും ആവശ്യമാണ്

6.2.3. സ്വതന്ത്രമായി സേവാകേന്ദ്രം നിർമ്മിക്കുന്നതിന് സ്ഥലം തീരെ ലഭ്യമല്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലെ ഓഫീസിന്റെ മുകൾ നിലയിൽ കേന്ദ്രം നിർമ്മിക്കാവുന്നതാണ്. ഇതിനാവശ്യമായ വസ്തുനിഷ്ഠമായ തീരുമാനം ബ്ലോക്ക്/ ഗ്രാമപചഞ്ചായത്തുകൾ എടുക്കേണ്ടതാണ്. ഇപ്രകാരം മുകൾ നിലയിൽ കേന്ദ്രം നിർമ്മിക്കുന്നതിന് നിലവിലെ കെട്ടിടം ദൃഢമാണെന്നും സേവാകേന്ദ്രം മുകൾ നിലയിൽ നിർമ്മിക്കുന്നതിന് സാങ്കേതിക തടസ്സം ഇല്ല എന്ന് കാണിക്കുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സേഫ്റ്റി സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ പ്രസ്തുത സേഫ്റ്റി സർട്ടിഫിക്കറ്റ് ബ്ലോക്ക് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി ഇഞ്ചിനീയറിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

6.3. വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വില നിർണ്ണയവും

6.3.1. ജില്ലാ കളക്ടറാണ് സേവകേന്ദ്ര നിർമ്മാണത്തിന് ആവശ്യം വരുന്ന വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും നിർണ്ണയിക്കുന്നത്.

6.3.2. വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും നിർണ്ണയിക്കുന്നതിന് ജില്ലാകളക്ടറെ സഹായിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന ഒരു കമ്മിറ്റിയെ ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതാണ്.

1. ജില്ലാകളക്ടർ (അദ്ധ്യക്ഷൻ)
2. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (കൺവീനർ)
3. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (തസ്വഭവ)
4. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (പി.ഡബ്ല്യൂ.ഡി, ബിൽഡിംഗ്സ്)
5. ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്,

6. ഡെപ്യൂട്ടി ഡയറക്ടർ (എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്)

7. ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)

6.3.3. വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും ഓരോ ബ്ലോക്ക് തലത്തിലുമാണ് ജില്ലാ കളക്ടർ നിർണ്ണയിക്കേണ്ടത്.

6.3.4. ഓരോ ബ്ലോക്കിലും അതിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലും നിർമ്മിക്കേണ്ട സേവാകേന്ദ്രത്തിന് ആവശ്യമായ എല്ലാത്തരം സാധനസാമഗ്രികളും *(പാറ,സിമന്റ്,മണ്ണ്, ഇഷ്ടിക, ചല്ലി, കമ്പി,പൈപ്പ്,കട്ടില,തടിഉരുപ്പടികൾ, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, പ്ലംബിംഗ് സാമഗ്രികൾ,ഗ്ലാസ്സ്,പെയിന്റ് തുടങ്ങിയവ)*അവയുടെ യഥാർത്ഥ കമ്പോള വിലയും, വിദഗ്ദ്ധ അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ പ്രാദേശിക കൂലിയും നിർണ്ണയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ അദ്ധ്യക്ഷതയിൽ താഴെ സൂചിപ്പിക്കുന്ന തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് (അദ്ധ്യക്ഷൻ)
2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (കൺവീനർ)
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (തസ്വാദവ)
4. ബ്ലോക്ക് തലത്തിൽ പ്രവൃത്തിക്കുന്ന രണ്ട് എൽ.എസ്.ജി.ഡി എഞ്ചിനീയർമാർ
5. ബ്ലോക്കിലെ അക്രഡിറ്റഡ് എഞ്ചിനീയർ

6.3.5. ഓരോ ബ്ലോക്ക് പഞ്ചായത്തും സമർപ്പിക്കുന്ന സാധനസാമഗ്രികളുടെ തരവും നിരക്കും, വിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ പ്രാദേശിക കൂലിയും നിർദ്ദേശങ്ങൾ മാത്രമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ജില്ലാകളക്ടർ അദ്ദേഹത്തിനെ സഹായിക്കുവാൻ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിലെ ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം അന്തിമ നിരക്കുകളും കൂലിയും പ്രസിദ്ധീകരിക്കേണ്ടത്.

6.4. അവിദഗ്ദ്ധ തൊഴിലാളികൾ

6.4.1. സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ അവിദഗ്ദ്ധ തൊഴിലാളികളെ നിയോഗിക്കുന്നതും അവർക്ക് കൂലി നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെമാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കും

6.5. എസ്റ്റിമേറ്റ് തയ്യാറാക്കലും ഭരണ/സാങ്കേതിക അനുമതി നൽകലും

6.5.1. പി.ഡബ്ല്യു.ഡി ഡാറ്റയിൽ മുകളിൽ പാര 6.3.5.ൽ നിർണ്ണയിച്ച നിരക്കുകളുടെയും കൂലിയുടെയും അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തുകളിലെ സേവാ കേന്ദ്രത്തിന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മിക്കേണ്ട കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് മുകളിൽ സൂചിപ്പിച്ച രീതിയിൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതിചെയ്യുന്ന

ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയർ/ബ്ലോക്ക്തല അക്രഡിറ്റഡ് എഞ്ചിനീയർ തയ്യാറാക്കിയാൽ മതിയാകും

6.5.2.എസ്റ്റിമേറ്റുകൾ സ്ക്രൂട്ടിനി ചെയ്ത് സാങ്കേതിക അംഗീകാരം നൽകേണ്ടത് എൽ.എസ്.ജി.ഡി/പി.ഡബ്ല്യു.ഡി/ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആയിരിക്കും

6.5.3. സാങ്കേതിക അപ്രൂവൽ ലഭിച്ചിട്ടുള്ള സേവാകേന്ദ്രങ്ങളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളുമാണ്.

6.5.4. ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്ത് സേവാകേന്ദ്രങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള ബ്ലോക്കുതല ടി.എ.ജി ആയിരിക്കും.

6.5.5. ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള ബ്ലോക്ക്പഞ്ചായത്ത് സേവാകേന്ദ്രങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള ജില്ലാതല ടി.എ.ജി ആയിരിക്കും.

6.6.സേവാകേന്ദ്രത്തിന്റെ നിർമ്മാണം ഗ്രാമ/ബ്ലോക്ക് പഞ്ചയത്ത് സെക്രട്ടറിമാർ നേരിട്ട് നടപ്പാക്കുന്നതിനാൽ കരാർ ആവശ്യമില്ല

6.7. കൂലി വിതരണം

6.7.1. സേവാകേന്ദ്രങ്ങളുടെ നിർമ്മാണം എം.ജി. എൻ.ആർ.ഇ.ജി.എയിൽ വിഭാവന ചെയ്തിട്ടുള്ള നിർവ്വഹണ രീതിയായതിനാൽ അവിദഗ്ദ്ധ കായിക തൊഴിലിനായി തൊഴിൽ കാർഡ് ഉടമകളെ ഉപയോഗിക്കേണ്ടതും അവരുടെ കൂലി മസ്റ്റർറോളിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ വഴി 7 മുതൽ 14 ദിവസത്തിനുള്ളിൽ നൽകേണ്ടതുമാണ്.

6.7.2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്ന രീതി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണത്തിലും അവലംബിക്കേണ്ടതാണ്. വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലി ബാങ്ക് മുഖാന്തിരം നൽകേണ്ടതും അത്യാവശ്യഘട്ടങ്ങളിൽ ഓരോ ദിവസത്തെയും കൂലി ചെക്ക് പേയ്മെന്റിലൂടെ തൊഴിലാളികൾക്ക് നൽകാവുന്നതാണ്.

6.8 സാധന സാമഗ്രികൾ വാങ്ങൽ

6.8.1. പാര 6.3.5. ൽ ജില്ലാകളക്ടർ ഓരോ ബ്ലോക്കിലേക്കും നിശ്ചയിച്ചിട്ടുള്ള സാധന സാമഗ്രികളുടെ ഇനത്തിന്റെയും വിലയുടെയും അടിസ്ഥാനത്തിൽ അവ ഓരോന്നും വാങ്ങുന്നതിന് താഴെ പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

ക്രമ നം	രീതി	സാമ്പത്തിക പരിധി
1.	നേരിട്ടുള്ള വാങ്ങൽ	5000 രൂപ വരെ
2.	ക്വട്ടേഷൻ	20000 രൂപ വരെ
3.	മത്സരാധിഷ്ഠിത ദർഘാസ്	20000 രൂപ യ്ക്ക് മുകളിൽ

6.8.2. സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ അളവിലും ഗുണത്തിലുമുള്ള സാധനങ്ങളാണ് വാങ്ങിക്കുന്നതെന്നും ഒരു കാരണവശാലും സാധനസാമഗ്രികൾ ഉപയോഗിച്ചതിനുശേഷം മിച്ചം വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്

6.9. മേറ്റുകളുടെ നിയോഗവും ഉത്തരവാദിത്വവും

6.9.1. സേവാകേന്ദ്രാ നിർമ്മാണത്തിൽ സൈറ്റ് മാനേജ്ജാരായ അക്രഡിറ്റഡ് എഞ്ചിനീയറിനെ സഹായിക്കുന്നതിനായി മേയ്റ്റിനെ എം.ജി.എൻ.ആർ.ഇ.ജി.എസ് നിർവ്വഹണത്തിൽ അനുശാസിക്കും പ്രകാരം നിയോഗിക്കാവുന്നതാണ്.

6.10.സാധനസാമഗ്രികൾ സൈറ്റിൽ ഏറ്റു വാങ്ങൽ സംഭരണ വിനിയോഗ മാനേജ്മെന്റ്

6.10.1. സാധന സാമഗ്രികൾ സൈറ്റിൽ ഏറ്റു വാങ്ങേണ്ടത് സൈറ്റ് മാനേജരായ അക്രഡിറ്റഡ് എഞ്ചിനീയറാണ്. സാധന സാമഗ്രികൾ സൈറ്റിൽ എത്തിക്കുന്ന വാഹനത്തിന്റെ നമ്പരും മോഡലും പ്രത്യേകം നോട്ട് ചെയ്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം ഇഞ്ചിനീയർക്കാണ്. സ്ഥലത്ത് ഇറക്കുന്ന സാധനസാമഗ്രികൾ സെക്രട്ടറിയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ, അളവ് എന്നിവ പാലിച്ചിട്ടുണ്ട് എന്ന് അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) പരിശോധിച്ചു ബോധ്യപ്പെടേണ്ടതും അല്ലാത്ത പക്ഷം സാധനസാമഗ്രികൾ രേഖാമൂലം നിരസിക്കേണ്ടതുമാണ്.

6.10.2. അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) ഓരോ ഘട്ടത്തിലും സാധന സാമഗ്രികൾ ഏറ്റുവാങ്ങേണ്ടതാണ്. സൈറ്റിൽ എത്തിക്കുന്ന സാധനസാമഗ്രികൾ സുരക്ഷിതമായും കേടുകൂടാതെയുമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുള്ളതിന്റെ ഉത്തരവാദിത്വം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സാധനസാമഗ്രികൾ ഏറ്റുവാങ്ങി അതിനുള്ള രസീതു അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) ഒപ്പിട്ട് ഗ്രാമ/ബ്ലോപഞ്ചായത്ത് സെക്രട്ടറിയുടെ മേൽഒപ്പോടുകൂടി ഗ്രാമ/ബ്ലോപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും സെക്രട്ടറിയുടെ ദൈനംദിന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്..

6.10.3.കൈപ്പറ്റുന്ന സാധനസാമഗ്രികൾ കേടു കൂടാതെയും ഭദ്രമായും സൂക്ഷിക്കണമെന്ന് തോന്നുന്ന പക്ഷം അനുയോജ്യമായ റൂമുകൾ വാടകയ്ക്ക് എടുക്കാവുന്നതും ആയതിന്റെ വാടക പ്രവൃത്തിയുടെ സാധനഘടകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്. ഇപ്രകാരം ആവശ്യമായി വരുന്ന വാടകകളുടെ നിരക്ക് സാധന സാമഗ്രികളുടെ വാങ്ങൽ സംഭരണം വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തീരുമാനിക്കാവുന്നതാണ്.

6.10.4.ഒരു പ്രവൃത്തിക്കായി സജ്ജമാക്കിയിട്ടുള്ള സാധനസാമഗ്രികൾ പ്രസ്തുത പ്രവൃത്തിയിലേക്ക് വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ ചുമതല പ്രവൃത്തിയിൽ നിശ്ചയിച്ചിട്ടുള്ള മെയ്റ്റിൽ നിക്ഷിപ്തരാണ്. സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ അനുശാസിച്ചിട്ടുള്ള രീതിയിലും തോതിലും പ്രവൃത്തിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) ഉറപ്പാക്കേണ്ടതുമാണ്.

6.10.5. സാധന സാമഗ്രികൾ ഓരോഘട്ടത്തിലും ഏറ്റുവാങ്ങുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ മാതൃക സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ അനുബന്ധം-5 ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉപയോഗിക്കാവുന്നതാണ്.

6.11. പ്രവൃത്തികളുടെ ഘട്ടങ്ങളും സൂപ്പർവിഷനും

6.11.1.ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് താഴെസൂചിപ്പിക്കുന്ന ഘട്ടങ്ങൾ ഉണ്ടായിരിക്കുന്നതാണ്

1. ബേയ്സ്മെന്റ്
2. ലിന്റൽ ലെവൽ
3. റൂഫ് /കോൺക്രീറ്റ്
4. പ്ലാസ്റ്ററിംഗ്
5. ഫ്ളോറിംഗ്
6. ഫിറ്റിംഗുകളും പ്രവൃത്തി പൂർത്തീകരണവും *(വൈദ്യുതികരണം, പ്ലമ്പിംഗ്, ഡോർഫിറ്റിംഗ്, പെയിന്റിംഗ് മുതലായവ)*

611.2. മുകൾ പാരയിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ സ്റ്റേജും പരിശോധിച്ച് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് പ്രവൃത്തി സൂപ്പർവൈസ് ചെയ്യുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്.

6.12. പൂർത്തീകരണ സർട്ടിഫിക്കറ്റ്

6.12.1. സേവാ കേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ പൂർത്തികരണ സർട്ടിഫിക്കറ്റ് (completion certificate) തയ്യാറാക്കേണ്ടത് പ്രവൃത്തി സൂപ്പർവൈസ് ചെയ്യുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ ഉത്തരവാദിത്വമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന സേവാകേന്ദ്രങ്ങളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ബ്ലോക്ക് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ ഉത്തരവാദിത്വമാണ്.

6.12.2. പ്രവൃത്തി പൂർത്തീകരിച്ച സേവാകേന്ദ്രങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗിക്കുന്നതെന്നുള്ള തരത്തിൽ ഒരു സർട്ടിഫിക്കറ്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് നൽകേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഗ്രാമീണ റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - -

(ii). കല്ലോ ഇഷ്ടികയോ സമീപപ്രദേശങ്ങളിൽ നിന്ന് ലഭ്യമാകാതെ വരുമ്പോൾ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററിൽ നിന്നും എൻ.എ.സി. (Non Availability Certificate) സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം സിമന്റ് കോൺക്രീറ്റ് റോഡുകൾ നിർമ്മിയ്ക്കാവുന്നതാണ്. എന്നാൽ സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്കിംഗ് ടൈൽസ് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാനാവില്ല.

(iii). ഇത്തരത്തിലുള്ള റോഡുകൾ ഏറ്റെടുക്കുമ്പോൾ ആയതിന്റെ വീതി 2.5 മീറ്ററിൽ അധികരിയ്ക്കാൻ പാടില്ല.

(iv). ഗ്രാമീണ ആവാസ മേഖലയിൽ ഇത്തരം ഉൾറോഡുകളോടൊപ്പം അഴുക്കുചാൽ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്.

(v). റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകൾക്ക് മുൻഗണന നൽകേണ്ടതാണ്.

(vi). റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ, ആകെ തൊഴിൽ: സാധനസാമഗ്രി അനുപാതം ജില്ലാതലത്തിൽ 60:40 എന്നതിൽ അധികരിയ്ക്കാൻ പാടില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആകെ പ്രവൃത്തികളുടെ 10% തുക മാത്രമേ റോഡ് നിർമ്മാണത്തിനായി ചെലവഴിക്കാൻ കഴിയുകയുള്ളു എന്ന മേൽ പരാമർശം (1) സർക്കാർ ഉത്തരവിനും മുൻ ഖണ്ഡികയിൽ വിവരിച്ചിട്ടുള്ളതും മേൽ പരാമർശം (2) സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളതുമായ വ്യവസ്ഥകൾക്കും വിധേയമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. ഡയറക്ടർ, ഐ.കെ.എം. ,(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ.ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-പദ്ധതി ചെലവ് 60 ലക്ഷത്തിൽ അധികരിയ്ക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമെ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- -

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.346/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 03/02/2012

- -

പരാമർശം:-1. സ.ഉ.(കൈ)നമ്പർ.305/2008/തസ്വഭവ, തീയതി: 18-11-2008.
2. 09-11-2011-ൽ കുടിയ സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ പത്താമത് യോഗത്തിന്റെ മിനിട്സ്.
3. സ.ഉ.(സാധാ)നമ്പർ.2922/2011/തസ്വഭവ; തീയതി, 09-12-2011.
4. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 20-12-11-ലെ 9543/എൻ.ആർ.ഇ.ജി.സെൽ-2/10/സി.ആർ.ഡി. നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് പുറമെ ഒരു കോടിയിലധികം ചെലവഴിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയറെ അധികമായി ഒരു വർഷക്കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മേൽ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതേ രീതിയിൽ ഒരു കോടിയിലധികം ചെലവഴിക്കുന്ന പഞ്ചായത്തുകൾക്ക് ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ആവശ്യമുള്ള സമയത്ത് ദിവസ വേതനത്തിൽ നിയമിക്കുന്നതിന് മിഷൻ ഡയറക്ടർ അനുമതി നൽകിയിരുന്നു.

പദ്ധതി ചെലവിന്റെ പരിധി ഒരു കോടി എന്നതിനു പകരം 60 ലക്ഷമായി പുനർനിർണ്ണയിക്കുകയും അധികമായി നിയമിക്കാവുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ഒരു വർഷകാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഇവർക്ക് പരാമർശം 3-ലെ ഉത്തരവു പ്രകാരമുള്ള വേതനം നൽകുന്നതിനും പരാമർശം 2-ലെ തൊഴിലുറപ്പു കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 കത്ത് പ്രകാരം മിഷൻ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം (31-03-2012 വരെ) അറുപത്(60) ലക്ഷം രൂപയിലധികം ചെലവ് രേഖപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകളിൽ 01-04-2012 മുതൽ നിലവിലുള്ള ജീവനക്കാർക്കു പുറമെ അധികമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ഒരു വർഷകാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥ പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം. ,(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
10. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജൈവ ആവാസ വ്യവസ്ഥയെ തകർക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ പദ്ധതിയിൽ നിരോധിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി.)നം.534/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 22/02/2012

പരാമർശം:-1. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ നിന്നും 17510/സി.എം.പി.ജി.ആർ.സി./എസ്.കെ./2011/ജി.എ.ഡി. നമ്പരായി ഗ്രാമ വികസന കമ്മീഷണർക്കയച്ച ശ്രീമതി. സുഗതകുമാരിയുടെ തൊഴിലുറപ്പും നാടൻ പച്ചപ്പും എന്ന ലേഖനം.

2. എൻ.ആർ.ഇ.ജി.എസ്., മിഷൻ ഡയറക്ടറുടെ 10-01-2012-ലെ 26804/ ഇ.ജി.എസ്.6/11/സി.ആർ.ഡി. നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പ്രകൃതിയുടെ പച്ചപ്പിന്, അടിക്കാടുകൾക്ക്, അമൂല്യ ഔഷധികൾക്ക് കഠിനനാശം സംഭവിക്കുന്നുവെന്നും അതിനാൽ പ്രകൃതിയുടെ പച്ചപ്പ് നിലനിർത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് പരാമർശം (1)-ലെ ലേഖനത്തിൽ ശ്രീമതി. സുഗതകുമാരി എഴുതുകയുണ്ടായി. ഇത്തരത്തിൽ നിരവധി നിവേദനങ്ങളും പരാതികളും ലഭിച്ചിട്ടുണ്ടെന്നും റോഡരികിലും നാട്ടുപാതയോരങ്ങളിലും തോട്ടുവരമ്പിലും കുളങ്ങളുടെയും മറ്റും ചുറ്റിൽ വളരുന്ന ചെടികളും മറ്റു പച്ചപ്പുകളും വേരോടെ പിഴുതു മാറ്റുന്ന പ്രവണതയും വെട്ടിമാറ്റിയ ചെടികളും ചെറുവൃക്ഷങ്ങളും തീയിടുന്ന പ്രവണതയും തൊഴിലുറപ്പു പദ്ധതിയിൽ വ്യാപകമാകുന്നതിനാൽ അമൂല്യമായ ജൈവസമ്പത്തും ഔഷധ സസ്യങ്ങളും നശിപ്പിക്കുന്ന പ്രവണത ഒഴിവാക്കുവാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന തലം മുതൽ ശ്രദ്ധിക്കണമെന്നും ഇത്തരം പ്രവണതകൾ തൊഴിലുറപ്പ് പദ്ധതിയിൽ നിരോധിക്കണമെന്നും പരാമർശം 2 പ്രകാരം എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മണ്ണൊലിപ്പ് തടയുന്നതിനും ജൈവവൈവിധ്യവും ഔഷധസസ്യങ്ങളും നിലനിർത്തുന്നതിനും, ചെടികളും സസ്യങ്ങളും വേരോടെ നശിപ്പിയ്ക്കുന്നതും തീയിടുന്നതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിരോധിച്ചു കൊണ്ടും ഇക്കാര്യങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തലം മുതൽ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പുഷ്പകുമാരി.ജി.,
അഡീഷണൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ/ജില്ലാ കളക്ടർമാർക്കും.
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. ഡയറക്ടർ,ഐ.കെ.എം., സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി(കേരളം) -നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിൽ കൃഷി ഓഫീസറെ സഹായിക്കുന്നതിന് നിയോഗിക്കപ്പെടുന്ന വി.എച്ച്.എസ്.സി.(കൃഷി) പാസ്സായവർക്കുള്ള പ്രതിദിന വേതനം അതത് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.722/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 12/03/2012

പരാമർശം:-1. സ.ഉ.(സാധാ)നമ്പർ.256/2012/തസ്വഭവ; തീയതി, 21-01-2012.
2. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 03-01-12-ലെ 17109/എൻ.ആർ.ഇ.ജി.സെൽ-2/11/സി.ആർ.ഡി. നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിൽ കൃഷി ഓഫീസറെ സഹായിക്കുന്നതിന്, പദ്ധതിയിൽ 2010-11 വർഷം ചുരുങ്ങിയത് 25 ലക്ഷം രൂപ ചെലവഴിച്ച പഞ്ചായത്തുകളിൽ, ആവശ്യമെങ്കിൽ വി.എച്ച്.എസ്.സി.(കൃഷി) പാസ്സായവരെ ഏറ്റവും അത്യാവശ്യ ഘട്ടങ്ങളിൽ നിയോഗിക്കുന്നതിനും അവർക്ക് വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി നൽകുന്നതിനും പരാമർശം(1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

എന്നാൽ ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് പ്രതിദിന വേതനം ഏത് ഫണ്ടിൽ നിന്ന് നൽകണമെന്ന് വ്യക്തമാക്കിയിരുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളത് സംസ്ഥാന സർക്കാരായതിനാൽ ഇതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ കേന്ദ്ര ഫണ്ടിൽ നിന്ന് നൽകുന്നത് ഉചിതമായിരിക്കില്ലെന്ന് പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അറിയിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ച ശേഷം സൂചന (1)-ലെ ഉത്തരവു പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ, നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിൽ കൃഷി ഓഫീസർമാരെ സഹായിക്കുന്നതിന് നിയോഗിക്കപ്പെടുന്ന വി.എച്ച്.എസ്.സി. (കൃഷി) പാസ്സായവർക്ക് പ്രതിദിന വേതനം അതത് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

കേരള സർക്കാർ

നമ്പർ.71990/ഡി.ഡി.2/2011/തസ്വഭവ **തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.**
തിരുവനന്തപുരം, തീയതി: 26.3.2012.

സർക്കുലർ

വിഷയം:- തസ്വഭവ:-എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 25.7.2011 ലെ 693/2011/പജപവവിവ നമ്പർ ഉത്തരവ്.
2. 9.11.11 ലെ സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ പത്താമത് യോഗത്തിന്റെ മിനിട്സ്.
3. എൻആർഇജിഎസ് മിഷൻ ഡയറക്ടറുടെ 18.12.2011 ലെ 8543/NREG Cell-2/10/CRD നമ്പർ കത്ത്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനത്ത് 4,39,518 പട്ടികജാതി കുടുംബങ്ങളും 33589 പട്ടികവർഗ്ഗ കുടുംബങ്ങളും രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നേടിയിട്ടുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ പൂർണ്ണമായും പദ്ധതിയുടെ പരിധിയിൽ ഇനിയും വന്നിട്ടില്ല. ഈ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ശുപാർശ പ്രകാരം സംസ്ഥാനത്തെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെയും പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകുന്നതിനും സമയബന്ധിതമായി ഈ പ്രക്രിയ ഏറ്റെടുത്ത് വിജയകരമായി പൂർത്തികരിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ മുഴുവൻ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളെയും രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ ക്യാമ്പയിൻ ആരംഭിക്കേണ്ടതുമാണ്
2. ഗ്രാമപഞ്ചായത്തുതലത്തിൽ ഏറ്റെടുക്കുന്ന ക്യാമ്പയിനിൽ നിലവിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന എസ്.സി/എസ്.റ്റി പ്രൊമോർട്ടർമാരെ സജീവമായി പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായിട്ടുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുകയും അവർ അധിവസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൊണ്ട് വേണം ഗ്രാമപഞ്ചായത്ത് ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.
4. ഇത്തരം പ്രദേശങ്ങളിൽ ഒരു പൊതു കേന്ദ്രം കണ്ടെത്തി അവിടെ തൊഴിലുറപ്പ് പദ്ധതിയുടെ വിശദീകരണ യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കേണ്ടതും പദ്ധതിയിൽ അന്തർലീനമായ

അവകാശങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന നോട്ടീസുകളും ലഘുലേഖകളും വിതരണം ചെയ്യേണ്ടതുമാണ്.

5. ഭവന സന്ദർശനത്തിനുള്ള ടീമുകളെ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കുന്ന ടീമുകൾക്ക് പദ്ധതിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ നൽകുന്നതോടൊപ്പം പദ്ധതിയിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളെ പൂർണ്ണമായും രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള മാർഗ്ഗവും ആവിഷ്കരിക്കേണ്ടതാണ്.
6. ഭവന സന്ദർശന ടീം എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളുടെയും ഭവനം സന്ദർശിച്ച് രജിസ്ട്രേഷൻ അപേക്ഷ പൂരിപ്പിച്ച് വാങ്ങേണ്ടതും തൊഴിൽ ചെയ്യാൻ താല്പര്യമുള്ള കുടുംബാംഗങ്ങളുടെ ഫോട്ടോ എടുക്കേണ്ടതുമാണ്.
7. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് രണ്ട് ദിവസത്തിനുള്ളിൽ ജോബ് കാർഡ് തയ്യാറാക്കേണ്ടതും ഭവന സന്ദർശന ടീമിന്റെ സഹായത്തോടെ കുടുംബങ്ങൾക്ക് ജോബ് കാർഡ് ലഭ്യമാക്കേണ്ടതുമാണ്.
8. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത്തരം ക്യാമ്പയിൻ ഏറ്റെടുത്ത് മുഴുവൻ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം ബ്ലോക്ക് തലത്തിൽ ബി.പി.ഒ മാരിലും ജില്ലാതലത്തിൽ ജെ.പി.സി മാരിലും നിക്ഷിപ്തമാണ്.
9. ക്യാമ്പയിൻ ഏറ്റെടുത്ത് തുടങ്ങിയതിന്റെ ആഴ്ചതോറുമുള്ള പുരോഗതി ബി.പി.ഒ മാർ ജില്ലാതലത്തിൽ അറിയിക്കേണ്ടതും ജെ.പി.സി മാർ പ്രവർത്തനം സൂക്ഷമമായി നിരീക്ഷിക്കേണ്ടതുമാണ്.
10. മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവർത്തനങ്ങളും 2012 മാർച്ച് 31-ഓടെ പൂർത്തീകരിക്കേണ്ടതുമാണ്.

ജി. പുഷ്പകുമാരി
അഡീഷണൽ സെക്രട്ടറി

1. **ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.**
2. **പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.**
3. **മിഷൻ ഡയറക്ടർ**, എൻആർഇജിഎസ്
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
6. **എല്ലാ ജില്ലാ കളക്ടർമാർ & ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ.**
7. **എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്**/സെക്രട്ടറിമാർക്കും (ഗ്രാമവികസന വകുപ്പ് **മുഖേന**)
8. **എല്ലാ** ഗ്രാമ **പഞ്ചായത്ത് പ്രസിഡണ്ട്**/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ **മുഖേന**)
9. **ഡയറക്ടർ**, ഐ.കെ.എം (സർക്കാറിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. **സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്

സ.ഉ(സാധാ) നം. 952/12/തസ്വഭവ തിരുവനന്തപുരം, തീയതി, 29.03.2012

പരാമർശം:- 1. 26.08.2009-ലെ സ.ഉ.(എം.എസ്)നം.167/09/തസ്വഭവ നമ്പർ ഉത്തരവ്.
2. 16.05.2011-ലെ സ.ഉ(സാധാ) നം.1216/11/തസ്വഭവ നമ്പർ ഉത്തരവ്.
3. 29.06.2011-ലെ സ.ഉ(സാധാ) നം.1549/11/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുവാൻ കരാർ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെയും ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും , അതുപോലെ ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുവാൻ കരാർ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയറെയും ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുവാൻ 26.08.2009 - ലെ സ.ഉ.(എം.എസ്) നം.167/09/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം യഥാക്രമം ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലുമാണ് നിക്ഷിപ്തമായിട്ടുള്ളത്.

2) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ കരാർ ഓരോ വർഷം പുതുക്കുന്നതിനും, കരാർ അവസാനിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടും, പ്രസ്തുത നടപടികളുടെ പരിശോധനയും അംഗീകാരം നൽകലും ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിക്കൊണ്ടും 16.05.2011 -ലെ

സ.ഉ(സാധാ) നം.1216/11/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഭരണസമിതികളുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നുവെന്ന് ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ നിന്നും പരാതി ഉയർന്നതിനെ തുടർന്ന് പരാമർശം (2) റദ്ദ് ചെയ്തുകൊണ്ടും കരാർ അടിസ്ഥാനത്തിലുള്ള നിയമനാധികാരം ബ്ലോക്ക്/ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ടും പരാമർശം (3) പുറപ്പെടുവിക്കുകയുണ്ടായി.

3) അടുത്ത കാലത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റഴ്സ് എന്നിവരെ മതിയായ കാരണമില്ലാതെ പിരിച്ചുവിടുന്നുവെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ യോഗ്യതയുള്ളവരും നല്ല രീതിയിൽ പ്രവർത്തിക്കുന്നവരുമായ കരാർ ജീവനക്കാരെ അകാരണമായി പിരിച്ചുവിടുന്നതൊഴിവാക്കാൻ ചുവടെ ചേർക്കുന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) നിലവിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ പിരിച്ചു വിടുന്നതിന് മുൻപായി ഗ്രാമവികസന കമ്മീഷണറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും അനുമതി ലഭ്യമായ ശേഷം മാത്രം പിരിച്ചുവിടൽ നടപടി പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

ii) 2012 ജനുവരി ഒന്നിനു ശേഷം നടന്ന പിരിച്ചുവിടൽ ഉത്തരവുകൾ സംബന്ധിച്ച് പിരിശോധിച്ച് തീരുമാനം എടുക്കാൻ ഗ്രാമവികസന കമ്മീഷണറെ അധികാരപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം .
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സെൽ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ) , കേരള , തിരുവനന്തപുരം/ തൃശൂർ.
കരുതൽ ഫയൽ/ആഫീസ് കോപ്പി.

പകർപ്പ് : ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പി. എസ് - ന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- -

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം:995/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 30/03/2012

- -

പരാമർശം :- 1. സ.ഉ.(സാധാ) നമ്പർ 2922/2011/തസ്വഭവ,തീയതി, 09/12/2011

2. എൻ.ആർ.ഇ.ജി.എസ്. സ്റ്റാഫ് അസോസിയേഷന്റെയും കരാർ ജീവനക്കാരുടെയും നിവേദനം

3. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 18.02.2012, 17.3.2012 തീയതികളിലെ 16790/EGS-4/11/CRD നമ്പർ കത്ത്

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തു വന്നിരുന്ന ഐ.ടി. പ്രൊഫഷണൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ വിഭാഗം ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന വേതനം 2011 ഡിസംബർ 1 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാനത്ത് താല്കാലിക ജീവനക്കാരുടെയും വിദ്യാഭ്യാസ വകുപ്പിലെ ഗസ്റ്റ് അദ്ധ്യാപകരുടെയും വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവുകളിൽ വേതന വർദ്ധനവിന് ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക സഹിതമാണ് അനുവദിച്ചതെന്നും ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്കും വേതന വർദ്ധനവിന് 01.04.2011 മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരമുള്ള ജീവനക്കാരുടെ ആവശ്യത്തിൻമേൽ എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ അഭിപ്രായം ആരായുകയുണ്ടായി. 01.04.2011 മുതൽ വേതന വർദ്ധനവിന് പ്രാബല്യം നൽകി കുടിശ്ശിക ലഭ്യമാക്കിയാൽ ഭരണചെലവ് 6% നുള്ളിൽ നിലനിർത്താൻ സാധിക്കില്ലെന്നും അതിനാൽ ഭരണചെലവ് 6% ൽ അധികരിക്കാത്ത രീതിയിൽ കുടിശ്ശിക ലഭ്യമാക്കുന്നതിന് രണ്ട് നിർദ്ദേശങ്ങൾ പരാമർശം 3 പ്രകാരം മിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

1. 2011 ജൂൺ മുതൽ വേതന വർദ്ധനവിന് പ്രാബല്യം നൽകി ജീവനക്കാരുടെ കുടിശ്ശിക 6 മാസമായി പരിമിതപ്പെടുത്തുക.
2. ജീവനക്കാരുടെ സേവന മികവിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകുക.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജീവനക്കാരുടെ വേതനം 6% ഭരണ ചെലവിൽ നിന്നും നൽകുന്നതിനാലും ഈ ഇനത്തിലുള്ള ചെലവ് 6% ൽ അധികരിക്കരുതെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടേണ്ടതുള്ളതിനാലും പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതന വർദ്ധനവിന് 2011 ജൂൺ മുതൽ മുൻകാലപ്രാബല്യം നൽകി (6 മാസം) കുടിശ്ശിക ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ
4. എല്ലാ ജില്ലാ കളക്ടർമാർ/ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
5. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും(മിഷൻ ഡയറക്ടർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
10. അക്കൗണ്ട് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
11. ഡയറക്ടർ, എസ്. ഐ. ആർ. ഡി, കൊട്ടാരക്കര
12. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
13. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- -

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം:93/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 31/03/2012

- -

പരാമർശം :- 1. കേന്ദ്ര സർക്കാറിന്റെ 29.11.10 ലെ J-11060/3/2009-MGNREGA നമ്പർ കത്ത്.
2. സ.ഉ.(സാധാ) നമ്പർ 2873/2011/തസ്വഭവ,തീയതി, 06/12/2011
3. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 26.03.2012 ലെ 30314/NREG Cell-4/11/CRD നമ്പർ കുറിപ്പ്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കുന്നു. സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിന് സാധന സാമഗ്രികളുടെ വിനിയോഗം അത്യാവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മേൽ പരാമർശം 1 പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി പരാമർശം 2 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി തയ്യാറാക്കിയ കരട് മാർഗ്ഗനിർദ്ദേശം ഇതിനായി വിളിച്ചു ചേർത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. യോഗത്തിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതികളോടെ കമ്മിറ്റി പരിഷ്കരിച്ച മാർഗ്ഗരേഖ അംഗീകാരത്തിനായി മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സുഗമവും സുതാര്യവുമാക്കുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രവർത്തനമാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പം ഒന്നാമതായി പരാമർശിച്ച കേന്ദ്ര സർക്കാർ നിർദ്ദേശങ്ങളും ഉള്ളടക്കം ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർ/ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. ഡയറക്ടർ, ഐ.കെ.എം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

No.J-11060/3/2009-MGNREGA
Government of India
Ministry of Rural Development
Department of Rural Development
(Mahatma Gandhi NREGA Division)

Krishi Bhavan, New Delhi 110114
29th November 2010

Subject: Procurement of material/items under Mahatma Gandhi NREG Act

The objective of the Mahatma Gandhi National Rural Employment Guarantee Act is to enhance livelihood security in rural areas by providing at least 100 days of guaranteed wage employment in a financial year to every household whose adult members volunteer to do unskilled manual work. Schedule I of the Act indicates the kinds of works that may be taken up to achieve the given objective. As per Para 2 of the Schedule I creation of durable assets and strengthening the livelihood resource base of the rural poor shall be an important objective of the scheme.

2. For executing permissible works the implementing agencies procure materials as per the mechanism formulated by the State Governments. In order to ensure that procurement of material under the schemes are procured in an efficient and prudent manner, the following principles may be kept in view:-

a) Every authority delegated with the financial powers of procuring goods in public interest shall have the responsibility and accountability to bring efficiency, economy, transparency in matters relating to public procurement and for fair and equitable treatment of suppliers and promotion of competition in public procurement.

b) The procedure to be followed in making public procurement must conform to the following yardsticks:

(i) the specifications in terms of quality, type etc. as also quantity of goods to be procured, should be clearly spelt out keeping in view the specific needs of the procuring organizations. The specifications so worked out should meet the basic needs of the implementing agencies without including superfluous and non essential features which may result in unwarranted expenditure. Care should also be taken to avoid purchasing quantities in excess of requirement to avoid inventory carrying costs.

(ii) offers should be invited following a fair, transparent and reasonable procedure;

(iii) the implementing agency authority should be satisfied that the selected offer adequately meets the requirements in all respects;

(iv) the implementing agency should satisfy itself that the price of the selected offer is reasonable and consistent with the quality required;

(v) at each stage of procurement the concerned implementing agency must place on record, in precise terms, the considerations which weighed with it while taking the procurement decision.

3. The items/material proposed to be procured should strictly be for the permissible works under the Mahatma Gandhi NREG Act.

4. All procurement made should be posted in the MIS for the monitoring. Quantity procured, total amount spent, the scheme for which the material procured, date of delivery of material etc. should invariably be indicated.

5. While procuring material/items, principles indicated in the General Financial Rules may scrupulously be followed and all related records kept meticulously for scrutiny by any authority including public.

6. State Governments are directed to note the above for strict compliance.

This has the approval of AS& FA (Rural Development)

(S AUDHKHASI)
Under Secretary to the Government of India
Tele: 011-23381709

1. States/UTs Principal Secretary(RD)
2. PS to MRD
3. PS to Secretary(RD)
4. NIC with the request to post it on MGNREGA website.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച നിർദ്ദേശങ്ങൾ

ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുക വഴി അവരുടെ ജീവത സന്ധാരണത്തിന് അധിക വരുമാനം സൃഷ്ടിക്കുന്നതോടൊപ്പം സ്ഥായിയായതും ഉത്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതാണ്. സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിന് സാധന സാമഗ്രികളുടെ വിനിയോഗം അത്യാവശ്യമാണ് എന്ന് സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സുഗമവും സുതാര്യവുമാകുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കാവുന്ന സാധനസാമഗ്രികൾ

തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളെ രണ്ടായി തരം തിരിക്കാം

എ. *പൊതുവായസാധന സാമഗ്രികൾ: മണൽ, ഇഷ്ടിക, വെട്ടുകല്ല്, പാറ, മെറ്റൽ, പൈപ്പ്, സിമന്റ് മുതലായവ*

ബി. *നീർത്തടാധിഷ്ഠിത പ്രവൃത്തികൾക്ക് ആവശ്യമായവ: കഴ, മുള/ മുള കഷ്ണങ്ങൾ, ഈറ, വയ്ക്കോൽ,വയർ മെഷ്, ചാക്ക് തൊണ്ട്, കയർ, ചകിരി, ഓല, പുല്ലിനങ്ങൾ, മരക്കുറ്റി, പായ, പറമ്പിൽ നിന്നും ലഭിക്കുന്ന കാട്ടുകല്ല്, മണ്ണ്, മണ്ണ്/ജല സംരക്ഷണത്തിന് ആവശ്യമായ നടീൽ വസ്തുക്കൾ, കവറുകൾ മുതലായവ.*

സംഘടനാ സംവിധാനം

1. *പ്രൊക്യുർമെന്റ് കമ്മിറ്റി* : - സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു 'പ്രൊക്യുർമെന്റ് കമ്മിറ്റി' രൂപീകരിക്കേണ്ടതാണ്.

കമ്മറ്റിയുടെ ഘടന

(എക്സ്- ഓഫിഷ്യോ അംഗങ്ങൾ)

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് (അദ്ധ്യക്ഷൻ)
2. സെക്രട്ടറി (കൺവിനർ)
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
4. വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
5. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതി ചെയർപേഴ്സൺ
6. കൃഷി ആഫീസർ
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
8. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ
9. ബ്ലോക്ക് പഞ്ചായത്തിലെ ഒരു എക്സറ്റൻഷൻ ഓഫീസർ
10. സി.ഡി.എസ് ചെയർപേഴ്സൺ

(നോമിനേറ്റഡ് അംഗങ്ങൾ)

11. മുൻ സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളിലെ മൂന്നുപേർ
12. രണ്ടു മേറ്റുമാർ
13. വാർഡുതലത്തിലെ വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റികളിൽ നിന്നുള്ള രണ്ടു ചെയർ പേഴ്സൺമാർ
14. പഞ്ചായത്ത് പ്രദേശത്ത് സുസമ്മതനായ ഒരു വ്യക്തി

ഇതിൽ തൊഴിലാളികൾ, മേറ്റുകൾ, വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റികളിലെ ചെയർപേഴ്സൺമാർ എന്നിവരുടെ കാലാവധി ആറുമാസ കാലത്തേക്ക് ആയിരിക്കുന്നതും അയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ അംഗങ്ങളെ അതാത് വിഭാഗങ്ങളിൽ നിന്നും നോമിനേറ്റു ചെയ്യേണ്ടതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന 1 മുതൽ 14 വരെയുള്ള അംഗങ്ങൾ പ്രൊക്യുർമെന്റ് കമ്മറ്റിയുടെ പഞ്ചായത്ത് കോർ ഭാഗമായിരിക്കും. സാധനസാമഗ്രികൾ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഒന്നോ രണ്ടോ നേരിട്ട് ഗുണം ലഭിക്കുന്ന വ്യക്തികളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. സാധനസാമഗ്രികൾ വാങ്ങുവാൻ തീരുമാനിക്കുന്ന ഓരോ പ്രോജക്ടിനും പഞ്ചായത്ത് കോർഭാഗവും ലോക്കൽ ഗുണഭോക്തൃ പ്രതിനിധികളുമടങ്ങിയ ഒരു പ്രൊക്യുർമെന്റ് കമ്മിറ്റിയായിരിക്കും തീരുമാനങ്ങളെടുക്കുന്നത്. ഈ പ്രതിനിധികളെ ഗുണഭോക്തൃ

സമ്മേളനം വിളിച്ച് ചേർത്ത് തിരഞ്ഞെടുക്കേണ്ടതാണ്.ഇപ്രകാരം നേരിട്ട് ഗുണം ലഭിക്കുന്ന വ്യക്തികളെക്കൂടി ഉൾപ്പെടുത്തേണ്ടി വരുന്നതിനാൽ പ്രൊക്യുർമെന്റ് കമ്മറ്റിയുടെ സിറ്റിംഗ് സമയം വിവിധ വാർഡുകൾക്ക് സ്റ്റാഗർ ചെയ്ത് നിശ്ചയിക്കേണ്ടതാണ്. പ്രൊക്യുർമെന്റ് കമ്മറ്റിയുടെ ക്വാറം ആകെ അംഗങ്ങളുടെ 1/3 ആയിരിക്കണം.

2.*സബ്കമ്മിറ്റി* : -പ്രൊക്യുർമെന്റ് കമ്മറ്റിയെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി കൺവീനറായി ഒരു സബ്കമ്മറ്റി രൂപീകരിക്കേണ്ടതുമാണ്. സെക്രട്ടറിക്ക് പുറമേ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതി ചെയർപേഴ്സൺ, കൃഷി ഓഫീസർ, ബ്ലോക്ക് പഞ്ചായത്തിലെ ഒരു എക്സറ്റൻഷൻ ഓഫീസർ, വില്ലേജ് എക്സറ്റൻഷൻ ഓഫീസർ, അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ എന്നിവർ അംഗങ്ങളായിരിക്കും.

പ്രൊക്യുർമെന്റ് കമ്മറ്റി, സബ് കമ്മറ്റി എന്നിവ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച്/ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന്റെ ഉത്തരവാദിത്വം ബി.ഡി.ഒ/ ബി.പി.ഒ യിൽ നിഷിപ്തമാണ്.

3.*ജില്ലാതലകമ്മിറ്റി:* - സാധന സാമഗ്രികളുടെ നിരക്കുകൾ, വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനും ബ്ലോക്കുപഞ്ചായത്ത് അടിസ്ഥാനത്തിൽ നിരക്കുകൾ അംഗീകരിക്കുന്നതിനും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ കൺവിനറായി ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

കമ്മറ്റിയുടെ ഘടന

1. ജില്ലാകളക്ടർ (അദ്ധ്യക്ഷൻ)
2. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (കൺവിനർ)
3. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (തസ്വഭവ)
4. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (പി.ഡബ്ല്യൂ.ഡി, ബിൽഡിംഗ്സ്)
5. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (പി.ഡബ്ല്യൂ.ഡി, റോഡ്സ്)
6. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ (ഇറിഗേഷൻ)
7. മെമ്പർ സെക്രട്ടറി, ഡിസ്ട്രിക്ട് നിർമ്മിതി കേന്ദ്രം

ജില്ലാതലത്തിലെ നിരക്ക് നിർണ്ണയം കുറ്റമറ്റതാക്കുന്നതിന് ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്ക് സാധന സാമഗ്രികളുടെ പ്രാദേശിക നിരക്ക്, കടത്ത് കൂലി, വിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ പ്രാദേശീക കൂലി എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധോപദേശം നൽകുന്നതിന് ഒരു എൻ.ജി.ഒ കൺസൾട്ടന്റ് /ഏജൻസിയെ

നിയോഗിക്കാവുന്നതാണ്. അത്തരം ഏജൻസി നേരിട്ട് പണിനടത്തുന്നവയും ജില്ലയിലെ സാധനസാമഗ്രികളുടെ വില നിലവാരം അറിയുന്നവരും ആയിരിക്കണം. **ഇപ്രകാരം ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്ക് ചുമതലപ്പെടുത്താവുന്ന കൺസൾട്ടൻസികളുടെ സംസ്ഥാനതല ലിസ്റ്റ് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്. ബ്ലോക്ക്തലത്തിൽ വിലനിലവാരം ശേഖരിച്ച് വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം വില നിശ്ചയിക്കേണ്ടത്. നിശ്ചയിക്കുന്ന വില നൽകാവുന്ന ഉയർന്ന വിലയായി കണക്കാക്കണം.**

കമ്മറ്റിയുടെ ക്വാറം ആകെ അംഗങ്ങളുടെ 1/2 ആയിരിക്കണം. ജില്ലാതല കമ്മറ്റി രൂപീകരിക്കേണ്ടതിന്റെ ഉത്തരവാദിത്വം ജില്ലാ കളക്ടറിൽ നിഷിപ്തമായിരിക്കും. നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ പഞ്ചായത്തിന് ആക്ഷേപമുള്ള പക്ഷം ആയത് പഞ്ചായത്ത് ഭരണ സമിതി ഐക്യകണ്ഠേന പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കാവുന്നതാണ്. ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ ഇത്തരം ആക്ഷേപങ്ങൾ പരിശോധിക്കേണ്ടതും ആവശ്യമെന്ന് തോന്നുന്ന പക്ഷം ജില്ലാതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി തീരുമാനം കൈക്കോള്ളാവുന്നതും പ്രസ്തുത വിവരം പഞ്ചായത്തിനെ അറിയിക്കാവുന്നതുമാണ്.

ലേബർ ബഡ്ജറ്റ്-വാർഷിക കർമ്മപദ്ധതി എന്നിവയുടെ പൊരുത്തപ്പെടൽ:- ലേബർ ബഡ്ജറ്റിന്റെ രൂപീകരണവും പ്രൊക്യുർമെന്റ് പ്ലാനിന്റെ രൂപീകരണവും ഒരുമിച്ച് നടക്കേണ്ടതാണ്. കർമ്മപദ്ധതി ഗ്രാമപഞ്ചായത്തിൽ ആവശ്യമായ സാധനസാമഗ്രികളുടെ ആവശ്യകത തിട്ടപ്പെടുത്തുന്ന പ്രക്രിയ ആരംഭിക്കുന്നത് ലേബർ ബഡ്ജറ്റ് വാർഷിക കർമ്മ പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്നിവയിൽ നിന്നാണ്. പഞ്ചായത്തിന്റെ തൊഴിൽ ആവശ്യകതയും നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട് എന്ന് സബ് കമ്മറ്റി പരിശോധന നടത്തേണ്ടതും ഇവ സന്തുലിതമല്ല എങ്കിൽ ആയത് പരിഹരിക്കുന്നതിന് പ്രവൃത്തികൾ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം സബ് കമ്മറ്റി പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച ലേബർ ബഡ്ജറ്റും കരട് വാർഷിക കർമ്മ പദ്ധതിയും പ്രൊക്യുർമെന്റ് പ്ലാനും പ്രൊക്യുർമെന്റ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും പ്രൊക്യുർമെന്റ് പ്ലാനും അംഗീകരിക്കാവുന്നതാണ്.

അർദ്ധ വാർഷിക കാലഘട്ടത്തിൽ നിർവ്വഹണം നടത്തേണ്ട പ്രവൃത്തികളുടെ തെരഞ്ഞെടുക്കൽ

ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും അന്തിമമായി ജില്ലാ പഞ്ചായത്ത് അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ, അർദ്ധ വർഷം/മാസത്തിൽ സാധനസാമഗ്രികൾ/വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ എന്നിവയെ ഉപയോഗിച്ച് ഏറ്റെടുക്കേണ്ട പ്രവൃത്തികൾ പഞ്ചായത്തിലെ പൊതു അവസ്ഥ പ്രവൃത്തി സ്ഥലത്തെ പ്രത്യേകതകൾ ത്രിതല സമിതികളുടെ മുൻഗണന എന്നിവയുടെ അടിസ്ഥാനത്തിൽ സബ്കമ്മറ്റി നിർദ്ദേശിക്കുകയും പഞ്ചായത്ത് ആയത് അംഗീകരിക്കേണ്ടതുമാണ്.

ഓരോ ഗ്രാമപഞ്ചായത്തും സാധന സാമഗ്രികളുടെ ഉപയോഗം ഏറ്റവും ആവശ്യമുള്ള ഒന്നോ രണ്ടോ മൂന്നോ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതായിരിക്കും ഉത്തമം. ഇപ്രകാരം ചുരുങ്ങിയ പ്രവൃത്തികളിൽ സാധന സാമഗ്രികൾ ഉൾപ്പെടുത്തുന്ന പക്ഷം പ്രസ്തുത പ്രവൃത്തികളിൽ 40% ൽ അധികരിച്ച് സാധന സാമഗ്രികൾ ഉപയോഗിക്കുന്നതിന് സാധ്യതയുണ്ടായിരിക്കുന്നതാണ്. 40% എന്ന കണക്ക് പഞ്ചായത്ത് തലത്തിൽ പാലിച്ചാൽ മതിയാകും.

സ ബ് കമ്മറ്റി നിർദ്ദേശിക്കുന്ന അർദ്ധ വാർഷിക/മാസകാലയളവിൽ ഏറ്റെടുക്കേണ്ട പ്രവൃത്തി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു കഴിഞ്ഞാൽ അടുത്ത പടിയായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സബ്കമ്മറ്റി ആരംഭിക്കേണ്ടതാണ്.

എസ്റ്റിമേറ്റ്, അർദ്ധ വാർഷിക അടിസ്ഥാനത്തിലുള്ള പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറക്കൽ

പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു കഴിഞ്ഞാൽ ഉടൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ 7-10 ദിവസങ്ങൾക്കുള്ളിൽ പഞ്ചായത്തിലെ അക്രഡിറ്റഡ് ഇഞ്ചിനീയർ/ ഓവർസിയർ ശേഖരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇപ്പോൾ ഉപയോഗിച്ചു പോരുന്ന സോഫ്റ്റ് വെയറിലൂടെ വിശദമായ എസ്റ്റിമേറ്റ് സബ്കമ്മറ്റി ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ, തൊഴിലാളികളുടെ എണ്ണം, വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം, ആവശ്യമായ സാധനസാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

ഇപ്രകാരം തയ്യാറാക്കപ്പെടുന്ന ഓരോ അർദ്ധ വർഷ/മാസ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിന്നും ഓരോ മാസവും ആവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ചു അനുബന്ധം

1 ൽ പരാമർശിക്കുന്ന പട്ടികയിൽ സബ്കമ്മറ്റി തയ്യാറാക്കേണ്ടതാണ്. ഇതോടൊപ്പം ഓരോ മാസത്തേയും പ്രവൃത്തി തിരിച്ചുള്ള സാധന സാമഗ്രികളുടെ വിശദാംശങ്ങളും പ്രവൃത്തി ആരംഭിക്കേണ്ട തീയതിയും അവസാനിക്കുന്ന തീയതിയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും സബ്കമ്മറ്റി, പ്രൊക്യുർമെന്റ് കമ്മറ്റിക്ക് അനുബന്ധം പട്ടിക II ൽ ലഭ്യമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരം മാസാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന സാധന സാമഗ്രികളുടെ പട്ടിക അർദ്ധ വാർഷിക അടിസ്ഥാനത്തിൽ ക്രോഡീകരിച്ചു പ്രൊക്യുർമെന്റ് കമ്മറ്റിക്ക് സബ്കമ്മറ്റി സമർപ്പിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ അളവും ഇനവും അർദ്ധ വാർഷിക അടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നതിന് അനുബന്ധം III ൽ പരാമർശിച്ചിട്ടുള്ള പട്ടികയിൽ തയ്യാറാക്കേണ്ടതാണ്.പ്രൊക്യുർമെന്റ് കമ്മറ്റിക്ക് സമർപ്പിക്കപ്പെട്ട മേൽ സൂചിപ്പിച്ച പട്ടികകൾ പരിശോധിച്ച് ശുപാർശ അടക്കം പ്രൊക്യുർമെന്റ് പ്ലാൻ രൂപീകരിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് അംഗീകരിക്കുന്ന പ്രൊക്യുർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗത്തിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് താഴെ നിർദ്ദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

ക്രമനമ്പർ	പ്രവർത്തനം	പൂർത്തീയാക്കേണ്ട അവസാന തീയതി	സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ പൂർത്തീകരിക്കേണ്ട അവസാന തീയതി
1	ലേബർ ബഡ്ജറ്റ്/ വാർഷിക കർമ്മ പദ്ധതി പരിശോധിക്കൽ *(സബ്കമ്മറ്റി തലം)*	നവംബർ 15 നു മുമ്പ്	ബാധകമല്ല
2	ലേബർ ബഡ്ജറ്റ്/ വാർഷിക കർമ്മ പദ്ധതി പരിശോധിക്കൽ *(പ്രൊക്യുർമെന്റ് കമ്മറ്റി തലം)*	നവംബർ 20നു മുമ്പ്	ബാധകമല്ല
3	ലേബർ ബഡ്ജറ്റ്/ വാർഷിക കർമ്മ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം	നവംബർ 30നു മുമ്പ്	ബാധകമല്ല
4	സബ്കമ്മറ്റി മാസം തിരിച്ചുള്ള പട്ടിക 2 തയ്യാറക്കുന്നത്	ജനുവരി 10നു മുമ്പ്	ജൂൺ 2ന് മുമ്പ്
5	പ്രൊക്യുർമെന്റ് കമ്മറ്റി മാസം തിരിച്ചുള്ള പട്ടിക 2 തയ്യാറക്കുന്നത്	ജനുവരി 15നു മുമ്പ്	ജൂൺ 7ന് മുമ്പ്
6	മാസം തിരിച്ചുള്ള പ്രവൃത്തികളുടെ പട്ടിക ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്നത്	ജനുവരി 20നു മുമ്പ്	ജൂൺ 12ന് മുമ്പ്
7	എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കേണ്ടത്	ജനുവരി 30നു മുമ്പ്	ജൂൺ 22ന് മുമ്പ്
8	എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ	ഫെബ്രുവരി 3നു മുമ്പ്	ജൂൺ 28ന് മുമ്പ്
9	മാസം/ അർദ്ധ വാർഷിക സാധന സാമഗ്രികളുടെ പ്രൊക്യുർമെന്റ് പ്ലാൻ സബ്കമ്മറ്റിതലം	ഫെബ്രുവരി 13നു മുമ്പ്	ജൂലൈ 8ന് മുമ്പ്
10	ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം	ഫെബ്രുവരി 25നു മുമ്പ്	ജൂലൈ 20ന് മുമ്പ്

എന്നാൽ ആദ്യവർഷം ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചതിനുശേഷം മാത്രം പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കുവാൻ കഴിയുകയുള്ളു എന്നത് മാനിച്ച് പ്രൊക്യുർമെന്റ് നടത്തേണ്ട പ്രോജക്ടുകളുടെ തിരഞ്ഞെടുപ്പ് ഏപ്രിൽ 13 നുമുമ്പ് സബ്കമ്മിറ്റിയും പ്രൊക്യുർമെന്റ് കമ്മിറ്റിയും പൂർത്തീകരിക്കേണ്ടതും ഏപ്രിൽ 21 നു മുമ്പ് പഞ്ചായത്ത് അംഗീകരിക്കേണ്ടതുമാണ്. സാധന സമാഗ്രികളുടെ വിലയും സ്കിൽഡ്, അർദ്ധ സ്കിൽഡ് ലേബർ കൂലിയും ജില്ലാ കമ്മിറ്റി ഏപ്രിൽ 30 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. ജൂൺ 30നു മുമ്പ് പർച്ചേസ് പ്ലാൻ തയ്യാറാക്കി പ്രൊക്യുർമെന്റ് കമ്മിറ്റിയുടെയും പഞ്ചായത്തിന്റെയും അംഗീകാരം വാങ്ങേണ്ടതാണ്.

സാധന സാമഗ്രികളുടെ വാങ്ങൽ

സാധന സാമഗ്രികൾ വാങ്ങുന്നതിന് താഴെ പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

ക്രമ നം	രീതി	സാമ്പത്തിക പരിധി
1.	നേരിട്ടുള്ള വാങ്ങൽ	5000 രൂപ വരെ
2.	ക്വട്ടേഷൻ	20000 രൂപ വരെ
3.	മത്സരാധിഷ്ഠിത ദർഘാസ്	20000 രൂപ യ്ക്ക് മുകളിൽ

ക്രമനമ്പർ ഒന്നിൽ സൂചിപ്പിക്കുന്ന രീതിയിൽ അയ്യായിരം രൂപ സാമ്പത്തിക പരിധിയിൽ സാധനസാമഗ്രികൾ നേരിട്ടു വാങ്ങുമ്പോൾ ആയത് അർദ്ധ വർഷ കാലയളവിലെ ആകെ സാധനസാമഗ്രികളുടെ മൂല്യത്തിന്റെ 5% അധികരിക്കുവാൻ പാടുള്ളതല്ല. ഇപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് വാങ്ങുന്നതിന് പഞ്ചായത്തുകൾ ഇപ്പോൾ അവലംബിച്ച് പോരുന്ന പ്രൊക്യുർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സന്നദ്ധരായിട്ടുള്ള വിതരണക്കാർക്ക് താഴെ നിർദ്ദേശിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

a. വിതരണക്കാരന് സ്വന്തമായി വാഹനം ഉണ്ടായിരിക്കുന്നത് അഭിലഷണീയമായിരിക്കും

b. പൊതുപ്രവൃത്തികൾക്ക് സാധനസമാഗ്രികൾ വിതരണം ചെയ്യുന്നതിൽ ചുരുങ്ങിയത് 2 വർഷത്തെ മുൻപരിചയം ഉള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്.

c. മറ്റ് സർക്കാർ ഡിപ്പാർട്ട്മെന്റുകളോ സർക്കാർ ഏജൻസികളോ വിതരണക്കാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ വിതരണക്കാരൻ ആവരുത്.

d. വിതരണക്കാരൻ പഞ്ചായത്തിലെ അംഗമോ, പഞ്ചായത്തിലെ അംഗത്തിന്റെ ബന്ധുവോ പഞ്ചായത്തിലെ ഉദ്യോഗസ്ഥനോ ആവാൻ പാടുള്ളതല്ല

സാധനസാമഗ്രികളുടെ വാങ്ങൽ: ക്വട്ടേഷൻ രീതി: - ക്വട്ടേഷനുകളിലൂടെ സാധന സാമഗ്രികൾ വാങ്ങുമ്പോൾ താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്

(എ) വാങ്ങുന്ന സാധനസാമഗ്രികളുടെ 2.5% തുക നിരതദ്രവ്യമായി പഞ്ചായത്തിൽ അടക്കേണ്ടതുമാണ്.

(ബി)ക്വട്ടേഷൻ സമർപ്പിക്കുന്നതിന് 7 ദിവസത്തെ സമയപരിധി ഉണ്ടായിരിക്കുന്നതാണ്.

(സി) ക്വട്ടേഷനുകൾ രേഖാമൂലം സമർപ്പിക്കേണ്ടതും അവ പ്രൊക്യുർമെന്റ് കമ്മറ്റിയുടെയും ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള എല്ലാ സന്നിഹിതരായ വിതരണക്കാരുടെയും മുമ്പിൽ വച്ച് തുറന്നു പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതുമാണ്

(ഡി) സാധാരണഗതിയിൽ പ്രസ്തുത യോഗത്തിൽ വച്ചായിരിക്കണം സാധന സാമഗ്രികളുടെ വിതരണത്തിനുള്ള ഉത്തരവ് ബന്ധപ്പെട്ട വിതരണക്കാരന് നൽകേണ്ടത്

(ഇ) ഒരു കാരണവശാലും മുൻകൂർ (അഡ്വാൻസ്) പെയ്മെന്റ് അനുവദനീയമല്ല.

സാധനസാമഗ്രികളുടെ വാങ്ങൽ:മത്സാരാധിഷ്ഠിത ടെണ്ടർ രീതി: - മത്സാരാധിഷ്ഠിത ടെണ്ടറിലൂടെ സാധനസാമഗ്രികൾ വാങ്ങുമ്പോൾ താഴെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(എ) വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനസാമഗ്രികളുടെ പട്ടികയുടെ ദർഘാസ് പരസ്യം ചുരുങ്ങിയത് ജില്ലയ്ക്കുള്ളിൽ പ്രചാരമുള്ള ഒരു ദേശീയ പത്രത്തിൽ പൊതുമരാമത്ത് നിയമത്തിൽ പറഞ്ഞ പ്രകാരം .പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നിരക്കുകൾ അവംലംബിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്. ദർഘാസ് മത്സരാധിഷ്ഠിതമാക്കി ഏറ്റവും അനുയോജ്യവും സ്വീകാര്യവുമായ വിലകൾ ദർഘാസ് സമർപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് ദർഘാസ് പരിശോധനാ രീതിയും അതിന്മേലുള്ള തീരുമാനം നിർണ്ണയിക്കുന്ന മാർഗ്ഗവും എല്ലാ ദർഘാസ് സമർപ്പിക്കുന്ന സ്ഥാപനങ്ങളേയും അറിയിക്കുന്നതിനുകൂടി പ്രസ്തുത പരസ്യങ്ങൾ ഉപകരിക്കേണ്ടതാണ്.

(ബി) വാങ്ങുന്ന സാധനസാമഗ്രികളുടെ 2.5% തുക നിരതഭവ്യമായി പഞ്ചായത്തിൽ അടക്കേണ്ടതാണ്.

(സി) ദർഘാസ് സമർപ്പിക്കുന്നതിനുള്ള സമയം ഏറ്റവും കുറഞ്ഞത് പരസ്യ തീയതി മുതൽ 7 ദിവസം ആയിരിക്കുന്നതാണ്.

(ഡി) ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ചു 01.12.2008 ലെ ജി.ഒ (പി) നം. 540/2008/ഫിൻ ഉത്തരവിന് അനുസൃതമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ക്രമ നം	തുക	ഒർജിനൽ	ഡ്യൂപ്ലിക്കേറ്റ്
1	20000 രൂപ മുതൽ 50000 രൂപ വരെ	300 രൂപ + വാറ്റ് @ 12.5%	150രൂപ + വാറ്റ് @ 12.5%
2	50000 രൂപ മുതൽ 500000 രൂപ വരെ	സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2% (100 ൻെറ ഗുണിതങ്ങളിൽ) ചുരുങ്ങ ിയത് 400 രൂപ + വാറ്റ് @ 12.5%	ഒർജിനലിന്റെ 50% തുക+ വാറ്റ് @ 12.5%

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണ്.

(ഡി) ദർഘാസ് , പ്രൊക്യുർമെന്റ് കമ്മറ്റിയുടെയും ദർഘാസ് സമർപ്പിച്ചിട്ടുള്ള എല്ലാ സന്നിഹിതരായിരിക്കുന്ന ഏജൻസികളുടെയും മുമ്പിൽ വച്ചായിരിക്കണം തുറന്ന പരിശോധന നടത്തേണ്ടതും അതിന്മേലുള്ള ഉചിതമായ തീരുമാനം

കൈക്കൊണ്ടിട്ടുള്ളുതും എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്. ഇപ്രകാരം കൈക്കൊള്ളുന്ന തീരുമാനം അന്തിമമായി ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിക്കേണ്ടതാണ്.

20,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകളെ സംബന്ധിച്ചുള്ള അറിയിപ്പ് പത്രപരസ്യങ്ങൾക്കു പുറമേ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡ്, ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നോട്ടീസ് ബോർഡ്, എം.ജി.എൻ.ആർ.ഇ.ജി.എ യുടെ വെബ്സൈറ്റ്, ജില്ലയുടെ വെബ്സൈറ്റ് എന്നിവിടങ്ങളിൽ പ്രചരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച രീതിയിൽ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് തീരുമാനിച്ച് അറിയിപ്പ് നൽകിയിട്ടുള്ള ഏജൻസികളുടെ കാലാവധി 6 മാസ കാലത്തേയ്ക്ക് ആയിരിക്കേണ്ടതാണ്.

സാധന സാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ച പൊതു നിബന്ധനകൾ: **-ഒരു മാസകാലത്തേക്ക് ആവശ്യമായി വരുന്ന മൊത്തം സാധനസാമഗ്രികളുടെ അളവ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സബ്കമ്മറ്റിയാണ് കണ്ടെത്തുന്നത്. ഒരുമാസകാലയളവിലേക്കുള്ള ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനസാമഗ്രികളുടെ പട്ടിക (ഇന്റന്റ്) ഇഞ്ചിനീയർ 10 ദിവസങ്ങൾക്ക് മുൻപായി (തൊട്ട്മുൻപുള്ള മാസത്തെ 20-ാം തീയതി) തയ്യാറാക്കി സബ്കമ്മറ്റിയെ ഏൽപ്പിക്കേണ്ടതാണ്. സബ്കമ്മറ്റിയുടെ സാധനസാമഗ്രികൾ വാങ്ങേണ്ട സ്ഥാപനം തിരിച്ചുള്ള പട്ടിക പ്രൊക്യുർമെന്റ് കമ്മറ്റിയുടെ അനുമതിയോടുകൂടി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രൊക്യുർമെന്റ് കമ്മറ്റി സമർപ്പിക്കുന്ന പട്ടിക അനുസരിച്ചു മാത്രമേ സാധനസാമഗ്രികൾ വാങ്ങു.ന്നതിനു പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുകയുള്ളു.**

സാധനസാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും പ്രൊക്യുർമെന്റ് പ്ലാൻ അനുസരിച്ച് പുരോഗമിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ഇതനുസരിച്ച് ഓരോ മാസത്തേയ്ക്കും ആവശ്യമുള്ള ഓരോ ഇനം സാധനവും വിതരണം ചെയ്യുന്നതിന് മുൻ മാസത്തെ അവസാനത്തെ ആഴ്ച തന്നെ സെക്രട്ടറി സാധനം വാങ്ങുന്നതിന് അംഗീകരിച്ചിട്ടുള്ള ഏജൻസികളെ അറിയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ സാധനത്തിന്റെ അളവ്, എത്തിക്കേണ്ട സ്ഥലം/ സ്ഥലങ്ങൾ, തീയതി/തീയതികൾ,

ടെക്നിക്കൽ സ്പെസിഫിക്കേഷൻ എന്നിവ വ്യക്തമാക്കിയിരിക്കേണ്ടതാണ്. ഈ ഉത്തരവനുസരിച്ചുള്ള നിബന്ധനകൾ പാലിക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽ സെക്രട്ടറി ഉൾപ്പെടുത്തേണ്ടതും പിന്നാലെ വരുന്ന ദർഘാസുകൾ/ ക്വട്ടേഷൻ വാങ്ങൽ എന്നിവയിൽ നിന്നും മാറ്റിനിർത്തേണ്ടതുമാണ്. ഇപ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ സ്ഥാപനത്തിന്റെ വിവരം ജില്ലാ കോർഡിനേറ്ററെ അറിയിക്കേണ്ടതും ജില്ലാ കോർഡിനേറ്റർ പ്രസ്തുത ഏജൻസിയെ മറ്റു പഞ്ചായത്തുകളിലെ ദർഘാസ്/ക്വട്ടേഷൻ/ വാങ്ങൽ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനത്തിന് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് അപ്പീൽ നൽകാവുന്നതാണ്.

സാധന സാമഗ്രികളുടെ വിതരണവും ഏറ്റുവാങ്ങൽ നടപടികളും

സാധന സമാഗ്രികൾ മുൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഏറ്റു വാങ്ങേണ്ടത് എഞ്ചിനീയർ/തസ്വഭവ എഞ്ചിനീയറുടെ ചുമതലയാണ്. സാധന സാമഗ്രികൾ സൈറ്റിൽ എത്തിക്കുന്ന വാഹനത്തിന്റെ നമ്പരും മോഡലും പ്രത്യേകം നോട്ട് ചെയ്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം ഇഞ്ചിനീയർക്കാണ്. സ്ഥലത്ത് ഇറക്കുന്ന സാധനസാമഗ്രികൾ സെക്രട്ടറിയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ പാലിച്ചിട്ടുണ്ട് എന്ന് എഞ്ചിനീയർ/ തസ്വഭവ എഞ്ചിനീയർ പരിശോധിച്ചു ബോധ്യപ്പെടേണ്ടതും അല്ലാത്ത പക്ഷം സാധനസാമഗ്രികൾ രേഖാമൂലം നിരസിക്കേണ്ടതുമാണ്. സാധനസാമഗ്രികൾ നിരസിക്കുന്നത് രേഖാമൂലം ആയിരിക്കേണ്ടതും (അനുബന്ധം 4) ആയതിന്റെ ഒരു കോപ്പി വിതരണം ചെയ്യുന്ന ഏജൻസിക്കും ഒരു കോപ്പി പഞ്ചായത്ത് സെക്രട്ടറിക്കും നൽകേണ്ടതാണ്.

പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗ്

സാധന സാമഗ്രികൾ ഉപയോഗിക്കുന്ന പ്രവൃത്തികളുടെ പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗുകളിൽ തൊഴിലാളികളോടൊപ്പം നിർബന്ധമായും പ്രവൃത്തികൊണ്ട് നേരിട്ട് ഗുണം ലഭിക്കുന്ന എല്ലാ വ്യക്തികളെയും ഉൾപ്പെടുത്തേണ്ടതാണ്.

സാധനസാമഗ്രികളുടെ സംഭരണം

1. എഞ്ചിനീയർ/ തസ്വഭവ എഞ്ചിനീയർ ഏറ്റുവാങ്ങുന്ന സാധനങ്ങൾ ബന്ധപ്പെട്ട പ്രവൃത്തികളുടെ മെയ്റ്റിനെ ഏൽപ്പിക്കേണ്ടതാണ്. സൈറ്റിൽ എത്തിക്കുന്ന സാധനസാമഗ്രികൾ സ്റ്റാക്ക് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വിതരണക്കാരിൽ നിക്ഷ്പിതമാണ് സാധനസാമഗ്രികൾ സ്റ്റാക്ക് ചെയ്യുന്നതിന് നിലവിലുള്ള നിരക്കുകൾ ലഭിക്കുന്നതിന് വിതരണക്കാരന് അർഹതയുണ്ട്. എഞ്ചിനീയറിൽ നിന്നും കൈപ്പറ്റുന്ന സാധന സാമഗ്രികൾ സുരക്ഷിതമായും കേടുകൂടാതെയുമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുള്ളതിന്റെ ഉത്തരവാദിത്വം ഇഞ്ചിനീയറിനും മെയ്റ്റിലും നിക്ഷിപ്തമാണ്. സാധന സാമഗ്രികൾ സൈറ്റിൽ വിതരണക്കാരനിൽ നിന്നും എഞ്ചിനീയർ ഏറ്റ് വാങ്ങി മെയ്റ്റിന് കൈമാറുന്ന വേളയിൽ പ്രവൃത്തികൊണ്ട് നേരിട്ട് ഗുണം ലഭിക്കുന്ന വ്യക്തികളെയും അറിയിച്ച് അവരുടെ സാന്നിധ്യം പരമാവധി ഉറപ്പാക്കേണ്ടതാണ്. മെയ്റ്റ് സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്നതിന്റെ ഫോട്ടോയും നിർബന്ധമായും എടുക്കേണ്ടതും ആയത് എം.ഐ.എസിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഇതിനു മൊബൈൽ ഫോണോ ക്യാമറയോ ഉപയോഗിക്കാവുന്നതാണ്. ഇഞ്ചിനീയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റുവാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റു രസീതു മെയ്റ്റ് ഒപ്പിട്ട് എഞ്ചിനീയറുടെ മേൽഒപ്പോടുകൂടി (അനുബന്ധം 5) എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

മെയ്റ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും (അനുബന്ധം 6) പ്രവൃത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്നും. പ്രസ്തുത വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ഇഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.

കൈപ്പറ്റുന്ന സാധനസാമഗ്രികൾ കേടു കൂടാതെയും ദ്രമായും സൂക്ഷിക്കണമെന്ന് തോന്നുന്ന പക്ഷം അനുയോജ്യമായ റൂമുകൾ വാടകയ്ക്ക് എടുക്കാവുന്നതും ആയതിന്റെ വാടക പ്രവൃത്തിയുടെ സാധനഘടകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്. ഇപ്രകാരം ആവശ്യമായി വരുന്ന വാടകകളുടെ നിരക്ക് പഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനിക്കാവുന്നതാണ്.

സാധനസാമഗ്രികൾ സൂക്ഷിക്കുന്ന സ്ഥലത്തു നിന്നും പ്രവൃത്തി സ്ഥലത്തേക്ക് എത്തിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടെങ്കിൽ അവിദഗ്ദ്ധ തൊഴിലാളികളെ കൊണ്ട്

അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കാതെ വരുമ്പോൾ മാത്രമേ അതിനായി വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളെ നിയോഗിക്കേണ്ടതുള്ളു. അതിനുള്ള ചെലവ് പി.ഡബ്ല്യു.ഡി ഷെഡ്യൂൾ ഓഫ് റേറ്റ്സിലെ ഹെഡ് ലോഡ് കൺവയൻസ് പ്രകാരം സാധനഘടകത്തിൽ ഉൾപ്പെടുത്തി എക്സ്ട്രാ ഐറ്റം ഓഫ് വർക്കായി ചെലവഴിക്കാവുന്നതാണ്.

സാധനസാമഗ്രികൾ സംബന്ധിച്ച മേറ്റിനും ഇഞ്ചിനീയർക്കുമുള്ള ഉത്തരവാദിത്വം

ഒരു പ്രവൃത്തിക്കായി സജ്ജമാക്കിയിട്ടുള്ള സാധനസാമഗ്രികൾ പ്രസ്തുത പ്രവൃത്തിയിലേക്ക് വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ ചുമതല മെയ്റ്റിൽ നിക്ഷിപ്തരാണ്. സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ അനുശാസിച്ചിട്ടുള്ള രീതിയിലും തോതിലും പ്രവൃത്തിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് എഞ്ചിനീയർ/ തസ്വഭവ എഞ്ചിനീയർ ഉറപ്പാക്കേണ്ടതുമാണ്.

വെള്ളം വറ്റിച്ച് എടുക്കേണ്ട പ്രവൃത്തികളിൽ അനുവർത്തിക്കേണ്ട രീതി

ഒരു പ്രവൃത്തി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി വെള്ളം വറ്റിച്ചെടുക്കുന്ന ഘടകം (Bailing of Water) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വേതനഘടകത്തിൽ ഉൾപ്പെടുത്തി അവിദഗ്ദ്ധ കായിക തൊഴിലായി ഏറ്റെടുക്കാൻ സാധിക്കുന്നില്ല എന്ന് വരുന്ന പക്ഷം മാത്രമേ പമ്പ് ഉപയോഗിക്കാൻ പാടുള്ളു. അവിദഗ്ദ്ധ തൊഴിലാളികളുടെ അധ്വാനത്തിലൂടെ മാത്രം വെള്ളം വറ്റിച്ചെടുക്കാൻ സാധിക്കില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഇഞ്ചിനീയർ സമർപ്പിക്കുന്നതിന്റെ മുറക്ക് മാത്രമേ പമ്പ് പ്രവൃത്തിയിൽ ഉപയോഗിക്കുവാൻ പാടുള്ളു. സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ വെള്ളം വറ്റിക്കുന്നതിനുള്ള മോട്ടോർ നിലവിൽ വാങ്ങി വെച്ചിട്ടുണ്ട്. മോട്ടോർ ലഭ്യമായ പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്ക് പ്രസ്തുത മോട്ടോറുകൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിലവിൽ മോട്ടോർ ഇല്ലാത്ത പഞ്ചായത്തുകളിൽ അടിയന്തിരമായി പ്ലാൻ/ഓൺ ഫണ്ട് ഉപയോഗിച്ച് മോട്ടോർ വാങ്ങി പാടശേഖര സമിതികൾക്ക് നൽകാവുന്നതും മോട്ടോർ ഉപയോഗിക്കുന്നതിന്റെ ചെലവും അതിന് വേണ്ടി വരാവുന്ന മെയിന്റൻസ് ചാർജ്ജ് തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ സാധന ഘടകത്തിൽ ഉൾപ്പെടുത്തി പാടശേഖരസമിതികൾക്ക് നൽകാവുന്നതാണ്. ഇപ്രകാരം ആവശ്യമായ ചെലവും മെയിന്റൻസ് ചെലവിന്റെയും പരിധി പ്രൊക്യുർമെന്റ് കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്.

മിച്ചം വരുന്ന സാധനസാമഗ്രികളുടെ പരിപാലനം

